ചരടുകൊണ്ടുള്ള കളികൾ

അരവിന്ദ് ഗുപ്ത

വിവർത്തനം

സുനി സി സുകു



രാഷ്ട്രീയ ബാലപുസ്തകാലയം

ചരടുകൊണ്ടുള്ള കളികൾ

സമാഹരണം
അരവിന്ദ് ഗുപ്ത

ചിത്രീകരണം
അവിനാശ് ദേശ്പാണ്ഡെ

വിവർത്തനം
സുനി സി സുകു

nbt.india
एकः सूते सकलम्

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

Charadukondulla kalikal (Malayalam)
String Games (Original English)
First Edition 2025

© Arvind Gupta
Malayalam Translation © National Book Trust, India

Published by the Director, National Book Trust, India
5 Institutional Area, Vasant Kunj, New Delhi-110070

Agartala ● Bengaluru ● Bhopal ●Chennai ● Cuttack ● Dehradun
Guwahati ●Hyderabad ● Kochi ● Kolkata ● Lucknow ● Mumbai ● Patna

ആദ്യപതിപ്പ് 2025
© അരവിന്ദ് ഗുപ്ത
മലയാള പരിഭാഷ © നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

പ്രസിദ്ധീകരണം: ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
5 ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ, വസന്ത് കുഞ്ജ്, ന്യൂഡൽഹി 110 070

അഗർത്തല ● ബെംഗളൂരു ● ഭോപ്പാൽ ● ചെന്നൈ ● കട്ടക്ക്
ദെഹ്രാദൂൺ ● ഗുവാഹത്തി ● ഹൈദരാബാദ് ● കൊച്ചി ● കൊൽക്കത്ത
ലഖ്നൗ ● മുംബൈ ● പാട്ന

ISBN 978-93-6719-567-3
₹ 160.00

All rights reserved. No part of this publication may be reproduced, transmitted, or stored in a retrieval system, in any form or by any means, electronic, mechanical, photocopying, recording or otherwise, without the publisher's prior permission.

Laser typeset by Creative Crew Digital Solutions, Thiruvananthapuram
and printed at First Impression, NOIDA.

www.nbtindia.gov.in



എന്നെ 'ചരടിൽ കുടുക്കിയ'

ജിമി ജോളിയുടെ

സ്മരണയ്ക്കായി

സമർപ്പിക്കുന്നു.

ഉള്ളടക്കം

	ആമുഖം	ix
1.	ചരടിനൊരു ആമുഖം	1
2.	അടിസ്ഥാനം	3
3.	പെരുവിരൽ കെണി	4
4.	ഗംഭീര രക്ഷപ്പെടൽ	5
5.	ഒരു മായാജാലം	6
6.	കൈവിലങ്ങുകൾ	7
7.	വളയത്തിനുള്ളിലെ ചരട്	8
8.	കൈക്കുടുക്ക്	9
9.	കൈവെട്ട്	10
10.	കൺചിമ്മൽ	11
11.	കപ്പും സോസറും	12
12.	മൂങ്ങാക്കണ്ണ്	13
13.	അറക്കവാൾ	14
14.	ഈച്ചയും കൊതുകും	15
15.	ചരടുകഥ	17
16.	ഒരാൾ മരത്തിൽ കയറുന്നു	19
17.	ഒറ്റ രത്നം	20
18.	ഇരട്ട രത്നം	22
19.	മൂന്നു രത്നങ്ങൾ	23
20.	ജേക്കബിന്റെ ഗോവണി	25
21.	ഭൂകമ്പത്തിലകപ്പെട്ട വീട്	27
22.	പനമരം	29
23.	ചിത്രശലഭം	31
24.	ആട്ടുകട്ടിൽ	33
25.	പാരച്യൂട്ടും താക്കോൽക്കൂട്ടവും	35

26.	പടലപ്പ്വം	36
27.	പറക്കുന്ന പക്ഷി	37
28.	മെഴുകുതിരിക്കാലുകൾ	40
29.	പൂച്ചത്തൊട്ടിൽ	44
	ഗ്രന്ഥസൂചി	50

ആമുഖം

പലതരം പൊതികൾ കെട്ടാൻ മുതൽ ബാഗും വലകളും ഉണ്ടാക്കുന്നതുവരെയുള്ള നിരവധി കാര്യങ്ങൾക്ക് ചരട് ഉപയോഗിക്കുന്നു. കെട്ടാനായി ചരടല്ലെങ്കിൽ മറ്റെന്തെങ്കിലും എല്ലാവർക്കും ആവശ്യമാണ്. 'എന്തെങ്കിലും' ലോകത്തിന്റെ പല ഭാഗങ്ങളിലും പലതാണ്. എസ്കിമോകൾ അവരുടെ സ്ലെഡ്ജ്[1] കൂട്ടിക്കെട്ടുന്നതും കോടാലിക്കൈ കെട്ടുന്നതും കടൽനായയുടെ തുകൽ നാരുകളാക്കിയാണ്. ആദ്യകാലങ്ങളിൽ കെട്ടാനായി ചെടിനാരുകൾ ഉപയോഗിച്ചിരുന്നു. ഇന്നും നമ്മൾ റഫിയ[2] പലവിധത്തിൽ ഉപയോഗിക്കുന്നു. 'സുത്‌ലി'[3]യാണ് കെട്ടുന്നതിനായി ഇന്ത്യയിൽ പൊതുവായി ഉപയോഗിക്കുന്നത്. ഓസ്ട്രേലിയയിലെ തദ്ദേശജനതയിൽ ചിലർ കെട്ടാനായി മനുഷ്യരുടെ മുടി ഉപയോഗിക്കുന്നുണ്ട് - പുരുഷന്മാർക്ക് കെട്ടാനായി സ്ത്രീകൾ മുടി നീട്ടി വളർത്തും, ചിലയിടങ്ങളിൽ കംഗാരുവിന്റെ കാലുകളിലെ ഞരമ്പും കെട്ടാനായി ഉപയോഗിച്ചുവരുന്നു.

കയ്യിൽ കിട്ടുന്ന എന്തുംവെച്ച് കളിക്കുന്ന ഒരു സ്വഭാവം ഏറെക്കുറെ എല്ലാവരിലും ഉണ്ട്. ബസിലൊക്കെ ആളുകൾ ടിക്കറ്റ് മടക്കുന്നതും, എവിടെ നിന്നെങ്കിലും ചരട് കഷണങ്ങളോ മറ്റും ലഭിച്ചാൽ അവ നീട്ടുകയോ കെട്ടിടുകയോ ഒക്കെ ചെയ്യുന്നതും നിങ്ങൾ കണ്ടിരിക്കും.

പണ്ടത്തെ ആദിവാസികളിലെ ചിലർ അലസമായി ഇരുന്ന് അവരുടെ വല ശരിയാക്കുന്നത് ആലോചിക്കൂ. ഒരാൾ നീളം ശരിയാകാത്ത ഒരു നൂൽ എടുത്ത് കളിയായി കെട്ടിക്കെട്ടി ഇരിക്കുന്നു. വേറൊരാൾ അതു കണ്ട് ആശ്ചര്യപ്പെട്ട് 'ആഹാ നിങ്ങൾ ചരടുകൊണ്ട് വീടുണ്ടാക്കിക്കളഞ്ഞല്ലോ' എന്നു പറയുന്നു. അതുകേട്ട് തിരിഞ്ഞുനോക്കുന്ന മറ്റൊരാൾ ഇതുകണ്ട് ആവേശം മൂത്ത് ഇതേ പോലെ നൂലുകൊണ്ട് വീട് ഉണ്ടാക്കുന്നു. ഇങ്ങനെ ആയിരിക്കണം ചരടുകളികളിലെ രേഖപ്പെടുത്തിയ 750ൽ ഭൂരിഭാഗവും കണ്ടുപിടിച്ചത്.

പൂർണ്ണ ഉറപ്പില്ലെങ്കിലും ഇതുപോലെയാണ് മിക്ക ചരടുകളികളും ആരംഭിച്ചത്. നിങ്ങൾ വടക്കെ ആർട്ടിക്കിലേക്കോ അല്ലെങ്കിൽ പസഫിക്കിലെ പവിഴദ്വീപിലേക്കോ പോയി നോക്കൂ. അവിടെയെല്ലാം ചരടുകൊണ്ടുള്ള കളികൾ ഉണ്ട്. മാസങ്ങളോളം നീളുന്ന അതിശൈത്യകാലത്ത് എസ്കിമോകൾക്ക് ഇഷ്ടംപോലെ സമയം കിട്ടുന്നതിനാൽ അവർ നൂൽരൂപങ്ങൾ ഉണ്ടാക്കുന്നതിൽ കേമന്മാരായി. നൂലുകൊണ്ടുള്ള മാൻ, കരടി, മറ്റ് മൃഗങ്ങൾ, പക്ഷികൾ, ചെറുവള്ളങ്ങൾ തുടങ്ങിയവയുടെ രൂപങ്ങൾ അവർ നിങ്ങൾക്ക് കാണിച്ചുതരും. അമേരിക്കൻ ഗോത്രവർഗ്ഗക്കാരായ നവാഹോ, അപ്പാച്ചെ തുടങ്ങിയവർ കൂടാരങ്ങളുടെയും ചെറുമൃഗങ്ങളായ കോയോട്ടിന്റെയും[4] മുയലിന്റെയും നൂൽരൂപങ്ങളുണ്ടാക്കാൻ മിടുക്കരാണ്. ഓരോ ഗോത്രങ്ങൾക്കും അവരുടേതായ നൂൽരൂപങ്ങളുണ്ട്. ഒന്നാലോചിച്ചാൽ അത് സ്വാഭാവികവുമാണ് - ഒരു എസ്കിമോ എങ്ങനെ ഒരു പനയുടെ നൂൽരൂപം ഉണ്ടാക്കും, അതുപോലെ ഒരു ഓസ്ട്രേലിയക്കാരൻ ധ്രുവക്കരടിയുടെയും.

ചരടുകൊണ്ടുള്ള കളികൾ വളരെ രസകരമാണ്. അവ നിങ്ങളുടെ ഓർമ്മയെയും ഭാവനയെയും ഉത്തേജിപ്പിക്കുന്നു. കൈയുടെയും കണ്ണിന്റെയും ഏകീകരണത്തിന് ഇത് വളരെ നല്ലതാണ്. നൂൽരൂപം ഉണ്ടാക്കുന്നതിനുള്ള പടിപടിയായുള്ള നിർദേശങ്ങളും ചിത്രങ്ങളും ചിലപ്പോൾ പ്രയാസകരമായി തോന്നിയേക്കാമെങ്കിലും ശരിക്കും അവ ഉണ്ടാക്കുന്നത് വളരെ എളുപ്പമാണ്. അതുകൊണ്ട് ആദ്യ ശ്രമത്തിലുള്ള പ്രയാസമോർത്തു വേവലാതിപ്പെടേണ്ടതില്ല. വെറുതെ ആദ്യം മുതൽ വീണ്ടും ചെയ്തു നോക്കുക. താമസിയാതെ ഇത് നിങ്ങൾക്ക് നന്നായി തോന്നാൻ തുടങ്ങും.

ആരംഭത്തിൽ എളുപ്പമുള്ള രൂപങ്ങൾ ചെയ്യുന്നതാണ് നല്ലത്. അത് കൂടുതൽ സ്റ്റെപ്പുകൾ ഉള്ളവയും കുഴങ്ങിക്കിടക്കുന്നവയുമായ രൂപങ്ങൾ ചെയ്യാൻ നിങ്ങൾക്ക് ആത്മവിശ്വാസമുണ്ടാക്കും. തുടക്കത്തിൽ നിങ്ങൾ എല്ലാ സ്റ്റെപ്പുകളും ഓർത്തിരിക്കണം. പിന്നീട് നിങ്ങളുടെ വിരലുകൾ അവ നിങ്ങൾക്കുവേണ്ടി ഓർത്തുകൊള്ളും. നിങ്ങൾ ഈ നൂൽരൂപങ്ങൾ ഉണ്ടാക്കാൻ പഠിക്കുകയും സുഹൃത്തുക്കളുമായി പങ്കുവെക്കുകയും ചെയ്യുക. ചിലപ്പോൾ അവർ പുതിയ രൂപങ്ങൾ നിങ്ങൾക്ക് കാണിച്ചുതന്നേക്കും. നിരന്തരമായി നിങ്ങൾ ചരടിലുള്ള പരീക്ഷണം തുടർന്നാൽ, നാളെ അത്ഭുതകരമായ പുതിയ നൂൽരൂപങ്ങൾ കണ്ടുപിടിക്കുന്നത് നിങ്ങളായിരിക്കും. അതുകൊണ്ട് എപ്പോഴും ഒരു ചരട് പോക്കറ്റിൽ കരുതിക്കോളൂ.

---

1. ഹിമപ്പരപ്പിലൂടെ വലിച്ചുകൊണ്ടുപോകുന്ന വണ്ടി.
2. ഒറ്റത്തടിവൃക്ഷയിലകളിലെ നാര്.
3. ചണച്ചരട്.
4. വടക്കേ അമേരിക്കയിലെ ഒരുതരം കാട്ടുനായ.

ചരടിനൊരു ആമുഖം

പണ്ടുതന്നെ ആളുകൾ ചരടുകൊണ്ടുള്ള രൂപങ്ങൾ രേഖപ്പെടുത്തി വയ്ക്കാൻ ശ്രമിച്ചിരുന്നു. ഇതിനായി അവർ പൂർത്തിയായ രൂപങ്ങളുടെ ചിത്രം വരച്ചുവച്ചു. ചിലർ ഉണ്ടാക്കിയ രൂപങ്ങൾ ഒരു കാർഡ്ബോർഡിൽ ഒട്ടിച്ചുവയ്ക്കാൻ വരെ ശ്രമിച്ചിട്ടുണ്ട്. പ്രശ്നമെന്തെന്നു വച്ചാൽ, ഒരിക്കൽ പൂർത്തിയായ നൂൽരൂപങ്ങൾ പിന്നീട് എങ്ങനെ ഉണ്ടാക്കി എന്നു വിശദീകരിക്കാൻ ബുദ്ധിമുട്ടാണ്. തുടക്കക്കാർക്ക് ചരടുകൊണ്ടുള്ള രൂപങ്ങൾ ഉണ്ടാക്കുന്നത് എളുപ്പമാക്കാൻവേണ്ടി കൈവിരലുകളെ താഴെ കാണും വിധത്തിൽ പെരുവിരൽ, ചൂണ്ടുവിരൽ, നടുവിരൽ, മോതിരവിരൽ, ചെറുവിരൽ എന്നിങ്ങനെ പേരിട്ടിരിക്കുന്നു.

നവാഹോ കുടുക്ക്

നിങ്ങളുടെ പെരുവിരലിൽ താഴെയും മുകളിലുമായി ഓരോ കുടുക്ക് ഉണ്ടായിരിക്കെ പെരുവിരൽ താഴേക്ക് ചരിച്ച് താഴത്തെ കുടുക്ക് ഊർന്നുപോകാനനുവദിച്ച് നിങ്ങൾക്ക് ഈ കുടുക്കിനെ നവാഹോ ചെയ്യാം. തുടർന്ന് നിങ്ങളുടെ പെരുവിരൽ നിവർത്താം.



ചരടിന്റെ നീളം



ചരട് എത്ര നീളത്തിൽ എടുക്കണം? പൊതുനിയമപ്രകാരം രണ്ടു മീറ്റർ ചരട് എടുത്താൽ ഒരു മീറ്റർ നീളത്തിൽ കെട്ടുകൾ ഉണ്ടാക്കാം. പക്ഷേ, കൈനീളമുള്ളവരും നീളം കുറഞ്ഞവരും കുട്ടികളും ഉണ്ട്. അപ്പോൾ നിങ്ങൾക്ക് ആവശ്യമുള്ള കൃത്യമായ നീളം കിട്ടാനുള്ള എളുപ്പമാർഗം ചരടിന്റെ ഒരറ്റം പിടിച്ചു കൈ പരമാവധി ഉയർത്തുക, ചരട് നിലം തൊടുന്ന നീളത്തിൽ മുറിക്കുക.

ചരടുകൊണ്ട് കടുംകെട്ട് ഉണ്ടാക്കുന്നത്



1. കടുംകെട്ട് ഇടുന്നതിന് ചരടിന്റെ വലത്തേയറ്റം ഇടത്തേ അറ്റത്തിന് കുറുകെ ഇടുക.



2. വലത്തേ അറ്റം ഇടത്തെ ചരടിന്റെ അടിയിലൂടെ ഇട്ട് കുടുക്കിന്റെ ആദ്യഭാഗം കെട്ടുക.



3. ഇനി ഇടത്തേ അറ്റം വലത്തേ അറ്റത്തിനു കുറുകെ ഇടുക



4. ഇടത്തേ അറ്റം വലത്തെ ചരടിന്റെ അടിയിലൂടെ എടുത്ത് കുടുക്ക് മുറുക്കുക.

5. ഭംഗിയുള്ള ചെറിയ കുടുക്ക് കിട്ടുന്നതിന് അറ്റങ്ങൾ മുറിക്കുക.

ചരടിന്റെ അറ്റങ്ങൾ ഉരുക്കി യോജിപ്പിക്കാം

നൈലോൺ ചരടാണെങ്കിൽ രണ്ടറ്റവും ഉരുക്കിച്ചേർത്ത്, കാണാൻ കഴിയാത്തത്ര വളരെ ചെറിയ കുടുക്ക് ഉണ്ടാക്കാവുന്നതാണ്. ഇതിന് നിങ്ങൾക്ക് മുതിർന്നവരുടെ സഹായം ആവശ്യം വരും.

1. ചരടിന്റെ രണ്ടറ്റങ്ങളും മെഴുകുതിരി നാളത്തിന് ഒരു സെന്റിമീറ്റർ ഉയരത്തിൽ പിടിക്കുക. താമസിയാതെ അറ്റങ്ങൾ ഉരുകാൻ തുടങ്ങും.



2. രണ്ടു ഭാഗവും നന്നായി ഉരുകി, കട്ടിയുള്ള ദ്രാവകം കാണുമ്പോൾ അവ പരസ്പരം ചേർക്കുക. ഏതാണ്ട് അഞ്ചു നിമിഷം കാത്ത്, അത് തണുക്കുമ്പോൾ വിരലുകൾക്കിടയിൽവച്ച് പതിയെ ഉരുട്ടിയാൽ മൃദുവും ചെറുതുമായ കുടുക്ക് തയ്യാറാകും.

അടിസ്ഥാനം

പല ചരടുരൂപങ്ങളുടെയും അടിസ്ഥാനം ഒന്നാണ്.
അത് നന്നായി പഠിക്കുന്നത് പ്രധാനമാണ്.



1. അറ്റം കെട്ടിയ ഒരു ചരട് വലതു കയ്യിലെടുക്കുക. ഇടതുകയ്യിലെ പെരുവിരലിന് പുറകിലും ചെറുവിരലിന് ചുറ്റിനുമായി വെക്കുക.



2. ആദ്യം പറഞ്ഞതുപോലെ ചരട്, വലതു കയ്യിലും വെക്കുക. ഇതാണ് തുടക്കനില അഥവാ പൊസിഷൻ 1.



3. ഇനി വലതുകയ്യിലെ നടുവിരൽ ഇടതു ഉള്ളംകയ്യിലെ ചരടിനുള്ളിൽ കടത്തി ഉയർത്തി, പുറകിലേക്ക് വലിക്കുക.



4. നിങ്ങളുടെ രണ്ടു കൈകളും ഇപ്പോൾ ഈ നിലയിൽ ആയിരിക്കും.



5. ഇടത്തേ നടുവിരൽ വലത്തേ ഉള്ളംകയ്യിലെ ചരടിനുള്ളിൽ കടത്തി ഉയർത്തി പുറകിലേക്ക് വലിക്കുക.



6. ഇതാണ് നടുവിരൽ അടിസ്ഥാനം അഥവാ ഓപ്പണിങ് എ. മിക്കവയുടെയും അടിസ്ഥാനമാണിത്.



7. നടുവിരൽ ഉപയോഗിക്കുന്നതിനു പകരം രണ്ടു ചൂണ്ടുവിരലുകൾ ഉപയോഗിച്ചാൽ നിങ്ങൾക്ക് ചൂണ്ടുവിരൽ അടിസ്ഥാനം രൂപപ്പെടുത്താം.

പെരുവിരൽ കെണി

ചരടുകൊണ്ടുള്ള വളരെ എളുപ്പത്തിലുള്ള ഒരു സൂത്രം ആണിത്.
അവസാന ഭാഗം വളരെ വളരെ കൌശലകരമാണ്!



1. രണ്ടു കയ്യിലെയും പെരുവിരലിലും ചെറുവിരലിലും അറ്റം കെട്ടിയ ചരട് ഇടുക. നടുഭാഗം ഗുണന ചിഹ്നത്തിലാകുന്ന പോലെ ചരട് തിരിച്ചുവയ്ക്കുക.



2. ഇനി വലത് ചൂണ്ടുവിരൽകൊണ്ട് ഇടത് ഉള്ളംകയ്യിലെ ചരട് ഉയർത്തുക. അതുപോലെ ഇടത് ചൂണ്ടുവിരൽകൊണ്ട് വലതു ഉള്ളംകയ്യിലെ ചരടും ഉയർത്തുക.



3. പെരുവിരലുകൾ ചൂണ്ടുവിരൽ കെട്ടുകളിലൂടെ ചിത്രത്തിൽ കാണുന്നപോലെ ഇടുക.



4. ചരട് പെരുവിരലിന്റെ അടിയിൽ പിടിക്കുക. രണ്ടു കൈകളിലെയും ചെറുവിരലിലെയും ചൂണ്ടുവിരലിലെയും ചരടുകൾ വിടുക.



5. കൈകൾ ഉള്ളിലേക്ക് മടക്കുക.



6. കൈകൾ ആകാവുന്നത്ര അകലേക്ക് വലിക്കുക.



7. നിങ്ങളുടെ രണ്ടു പെരുവിരലുകളും ഇപ്പോൾ ചരടിനാൽ കുടുക്കിയിരിക്കുകയാണ്!

ഗംഭീര രക്ഷപ്പെടൽ

ചരട് മുറിക്കാതെ കത്രിക എടുക്കാൻ നിങ്ങൾക്ക് ഒരു സുഹൃത്തിനെ വെല്ലുവിളിക്കാം



1. കൂട്ടിക്കെട്ടിയ ചരടിന്റെ ഒരറ്റം കത്രികയുടെ ദ്വാരത്തിലൂടെ കടത്തുക. മറ്റേയറ്റം കത്രികയ്ക്കുള്ളിലൂടെ കടത്തിയ ഭാഗത്തിനകത്തുകൂടെ എടുക്കുക.



2. ചരടിന്റെ മറ്റേയറ്റം കത്രികയുടെ രണ്ടാമത്തെ ദ്വാരത്തിലൂടെ കടത്തുക.

3. കുടുക്കിന്റെ ഒരറ്റം പിടിച്ചിട്ട് കത്രിക സുഹൃത്തിന് കൊടുക്കുക. എന്നിട്ട് ചരട് മുറിക്കാതെ കത്രിക എടുക്കാൻ സുഹൃത്തിനോട് പറയുക.

4. ഇതിനായി ചെയ്യേണ്ടത്, ചിത്രം 1ലെ കുടുക്ക് അയച്ചു വിട്ടിട്ട് കെട്ട്...



5. എതിർവശത്തെ ദ്വാരത്തിലൂടെ വലിക്കുക.



6. ഈ കെട്ട് കത്രികയ്ക്ക് മുകളിലൂടെ മുഴുവനായി എടുക്കുക. ഒരിക്കലും എതിരെ തിരിക്കരുത്.





7. മറ്റേ വശത്തെ ചരടിന്റെ കെട്ട് വലിച്ചാൽ കത്രിക പുറത്തെടുക്കാൻ കഴിയും.

ഒരു മായാജാലം

ഈ എളുപ്പവിദ്യക്ക് ഒടുവിൽ ഒരു മായാജാലമുണ്ട്.



1. ചരട് രണ്ടു കൈകളിലായി പിടിക്കുക. വലതുകയ്യിലെ മുകളിലുള്ള ചരടുകൊണ്ട് വലിയ കെട്ടിനുള്ളിൽ ഒരു ചെറിയ കെട്ട് ഉണ്ടാക്കുക.



2. കെട്ടുകളുടെ മുകൾഭാഗം പല്ലുകൊണ്ട് കടിച്ചുപിടിക്കുക. വലതു ചൂണ്ടുവിരൽ ചെറിയ കെട്ടിലൂടെ താഴേക്ക് ഇടുക.



3. വലിയ കെട്ട് ഇടതുകയ്യിൽ പിടിക്കുക. വലതുകയ്യിലെ നീണ്ട ചരടിന്റെ മുകളിലൂടെ ചിത്രത്തിലേതുപോലെ വലതു ചൂണ്ടുവിരൽ ചുറ്റി വലിയ കെട്ടിനകത്തേക്ക് കൊണ്ടുപോവുക.



4. വലത് ചൂണ്ടുവിരൽ കൊണ്ട് മൂക്കിൽ തൊടുക.



5. പല്ലുകൾക്കിടയിൽനിന്ന് ചരട് വിടുക. ഇടത് കൈകൊണ്ട് വലിയ കെട്ട് വലിക്കുക. വലത് ചൂണ്ടുവിരലിലെ കെട്ട് മായാജാലംപോലെ അപ്രത്യക്ഷമാകും.

കൈവിലങ്ങുകൾ

ഈ മനോഹരമായ വിദ്യ നിങ്ങൾക്കും കൂട്ടുകാർക്കും നല്ല രസമായിരിക്കും. അതിനായി രണ്ടു ചരടുകളും ഒരു സുഹൃത്തും വേണം.



1. ഒരു ചരടിന്റെ രണ്ടറ്റങ്ങളും സുഹൃത്തിന്റെ രണ്ടു കണങ്കൈകളിലും കെട്ടുക.



2. ഇനി വേറൊരു ചരട് എടുത്ത് അതിന്റെ രണ്ടറ്റങ്ങളും നിങ്ങളുടെ കണങ്കൈകളിൽ കെട്ടാൻ സുഹൃത്തിനോട് പറയുക.



3. ഇപ്പോൾ നിങ്ങളും സുഹൃത്തും പരസ്പരം ബന്ധിതരായി. ഇനി എങ്ങനെ വേർപെടുത്തും?



4. സുഹൃത്തിന്റെ കയ്യിലെ കെട്ട് ചിത്രത്തിലേതുപോലെ പിടിക്കുക. ഈ കെട്ട് നിങ്ങളുടെ ഇടതുകയ്യിലെ ചരടിന്റെ അടിയിലേക്ക് കൊണ്ടുവരിക. ഒരിക്കലും കെട്ട് തിരിക്കരുത്.



5. നിങ്ങളുടെ ഇടതുകൈ താഴേക്ക് വളച്ച് കെട്ട് അതിന് മുകളിലൂടെ എടുക്കുക.



6. കെട്ട് പുറകിലേക്ക് നീക്കാൻ ഇടതുകൈ നിവർത്തുക.



7. സുഹൃത്തിന്റെ അടുത്തുനിന്ന് നീങ്ങുക. ഇപ്പോൾ നിങ്ങൾ വേർപെട്ടിരിക്കുന്നു!

വളയത്തിനുള്ളിലെ ചരട്

ഒരു വളയത്തിനുള്ളിലെ ചരട് എങ്ങനെ പുറത്തെടുക്കും? ആ രഹസ്യം അറിയില്ലെങ്കിൽ ഈ വിദ്യ നിങ്ങളെ അമ്പരപ്പിക്കും.



1. കെട്ടിട്ട ചരടിന്റെ ഒരറ്റം വളയത്തിനുള്ളിൽ കടത്തുക. വളയം ചരടിന്റെ നടുവിൽ വരുന്ന രീതിയിലാക്കുക.



2. ഇനി ചരട് ഉള്ളംകൈകൾക്ക് വിലങ്ങനെയും പെരുവിരലുകളുടെയും ചെറുവിരലുകളുടെയും പുറകിലുമായി പിടിക്കുക. ഒരു കാരണവശാലും ചരട് തിരിക്കരുത്.



3. വലത് നടുവിരൽകൊണ്ട് ഇടതു ഉള്ളംകയ്യിലെ ചരടും ഇടത് നടുവിരൽകൊണ്ട് വലത് ഉള്ളംകയ്യിലെ ചരടും എടുക്കുക. ഇനി ചെറുവിരലുകളിലെയും ഇടത് നടുവിരലിലെയും വലത് പെരുവിരലിലെയും ചരട് വിടുക.



4. വലത് നടുവിരലിലെയും ഇടത് പെരുവിരലിലെയും ചരട് വിടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. എന്നിട്ട് കൈകൾ വലിക്കുമ്പോൾ വളയം സ്വതന്ത്രമാവുന്നത് കാണാം.

കൈക്കുടുക്ക്

നിങ്ങൾ ഈ വിദ്യ ആദ്യം ചെയ്തതിനുശേഷം സുഹൃത്തുക്കളോട് ആവർത്തിക്കാൻ പറയണം. നിങ്ങൾ ചെയ്തത് ശ്രദ്ധാപൂർവ്വം കണ്ടിട്ടില്ലെങ്കിൽ അവർക്ക് അത് പണിയാകും.



1. ഒരു സുഹൃത്തിന് മുമ്പിൽവച്ച് അറ്റം കെട്ടിയ ചരട് നിങ്ങളുടെ ഇടതു കൈയ്ക്ക് മുകളിൽ വയ്ക്കുക. ചരടിനുള്ളിൽ കൂടി നിങ്ങളുടെ വലതു കൈ താഴേക്ക് ഇട്ട്, ഒന്നു വട്ടംചുറ്റി മുകളിലേക്ക് എടുക്കുക.



2. വലതു കൈ കെട്ടിന്റെ പുറകിലൂടെ ഇടുക.



3. ഇരുകൈകളും വലിക്കുക.

4. ചരട് വലതുകയ്യിൽ നിന്നും ഊരിപ്പോരും.



5. ഇനി അറ്റം കെട്ടിയ ചരട് സുഹൃത്തിനു കൊടുത്തിട്ട് ഈ വിദ്യ ആവർത്തിക്കാൻ പറയുക. മിക്കവാറും അവൻ/ൾ ദിശ മാറ്റി കൈ തിരിച്ച്, കെട്ട് മാറി പോകാൻ സാധ്യതയുണ്ട്.



6. അങ്ങനെ, സുഹൃത്തിന്റെ കൈകൾ കുടുക്കിൽപ്പെടുകയും ചെയ്യും.

കൈവെട്ട്

കൗതുകകരമായ ഈ വിദ്യ ചെയ്യാനായി നിങ്ങൾക്ക് ഒരു സുഹൃത്തിന്റെ സഹായം വേണം.



1. അറ്റം കെട്ടിയ ചരട് ഇരു കൈകളിലുമായി പിടിക്കുക. വലതുകയ്യിലെ ചരട് മുകളിൽ വച്ച് ഒരു കെട്ട് ഉണ്ടാക്കുക. ഈ കെട്ട് സുഹൃത്തിന്റെ കണങ്കയ്യിൽ ഇടുക.



2. ആരംഭനിലയിൽ കൈകൾ വയ്ക്കുക.



3. ഇനി നടുവിരൽ അടിസ്ഥാനം ഉണ്ടാക്കുക. ഒരു ചരടും വിടാതെതന്നെ നടുവിരൽ അടിസ്ഥാനത്തിന്റെ മധ്യഭാഗം സുഹൃത്തിന്റെ കയ്യിൽ ഇടുക.



4. ഇങ്ങനെ ആയിരിക്കും അപ്പോൾ ചരടിന്റെ നില. ഇനി ചെറുവിരലുകളിലെയും പെരുവിരലുകളിലെയും ചരടുകൾ വിടുക.



5. നിങ്ങൾ കൈകൾ വലിക്കുമ്പോൾ മാന്ത്രികവിദ്യയിൽ എന്നവണ്ണം സുഹൃത്തിന്റെ കൈ സ്വതന്ത്രമാകും.

കൺചിമ്മൽ

ഈ ചരടുരൂപം ഹവായിയിൽനിന്നും വന്നതാണ്. കുറച്ചു ഭാവന ഉണ്ടെങ്കിൽ കണ്ണു തുടിക്കുന്നതും ചിമ്മുന്നതും നിങ്ങൾക്ക് ശരിക്കും കാണാം.



1. അറ്റം കെട്ടിയ ചരട് ഇടതു കയ്യുടെ വിരലുകളിൽ തൂക്കിയിടുക. പെരുവിരൽ ഒഴിവാക്കണം.



2. തുടർന്ന് ഇടതുകയ്യിലെ നടുവിരൽ, മോതിരവിരൽ, ചെറുവിരൽ എന്നിവ ചരടിനോട് ചേർത്ത് ഉള്ളിലേക്കു മടക്കുക. ഇടതു ചൂണ്ടുവിരൽ ചൂണ്ടിത്തന്നെ ഇരിക്കട്ടെ.



3. വലതുകയ്യിലെ പെരുവിരലും ചൂണ്ടുവിരലും കൊണ്ട് തൂങ്ങിക്കിടക്കുന്ന ചരടിന്റെ പുറകുവശം എടുത്ത് ഇടതുചൂണ്ടുവിരലിൽ ചുറ്റുക. പിന്നെ അത് മുമ്പിലേക്കെടുത്ത് പെരുവിരലിൽ ഇടുക.



4. വലതു പെരുവിരലും ചൂണ്ടുവിരലും കൊണ്ട് ഇടത് ചൂണ്ടുവിരലിന് ചുറ്റിലുമുള്ള ചരട് വലിച്ച് ഇടത് പെരുവിരലിലേക്ക് ഇടുക. ചരട് തിരിയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.



5. ഇടത് കയ്യിലെ തൂങ്ങിക്കിടക്കുന്ന ചരട്, ചൂണ്ടുവിരലിനും പെരുവിരലിനും ഇടയിലുള്ള ചരടിനു മുകളിലേക്കെടുക്കുക. ഇത് പെരുവിരലിനും ചൂണ്ടുവിരലിനും ഇടയിൽ തൂങ്ങിക്കിടക്കണം.



6. ചരടിന്റെ മറുഭാഗം എടുത്ത് പെരുവിരലിന് മുകളിൽ കൂടിയിടുക.



7. തൂങ്ങിക്കിടക്കുന്ന ചരട് വലിച്ചാൽ കണ്ണു ചിമ്മുന്നതുപോലെ ആക്കാൻ കഴിയും. ഇടത് ചൂണ്ടുവിരലും പെരുവിരലും അടുപ്പിക്കുമ്പോൾ കണ്ണ് അടയും.
കണ്ണു തുറക്കുന്നതിന് ഇടതു പെരുവിരലും ചൂണ്ടുവിരലും അകറ്റി, ചരടിലെ പിടുത്തം അയച്ചുവിടണം.

കപ്പും സോസറും

ഇതൊരു ലളിതമായ ചരട് രൂപമാണ്. വലതുവശം ഉയർത്തിയാൽ 'സാക്കി കപ്പ്' എന്നും തലകീഴായി പിടിച്ചാൽ 'വീട്' എന്നും ജപ്പാൻകാർ ഇതിനെ പറയും.



1. ചൂണ്ടുവിരൽ അടിസ്ഥാനത്തിൽ ആരംഭിക്കാം. ഇത് നിർമ്മിക്കാൻ നിങ്ങൾക്ക് വേണമെങ്കിൽ ചരടിന്റെ നീളം കൂട്ടാം.



2. നിങ്ങളുടെ ഒരു പെരുവിരൽ മറ്റേ പെരുവിരലിലെ ചരടിനു മുകളിലൂടെയും അതിനടുത്തുള്ള ചൂണ്ടുവിരലിലെ ചരടിന് മുകളിലൂടെയും എതിർവശത്തുള്ള ചൂണ്ടുവിരലിന് താഴേക്കൂടിയും എടുത്ത് നിങ്ങളുടെ അടുത്തേക്ക് കൊണ്ടുവരിക. പെരുവിരലുകൾ ഇപ്പോൾ അടിസ്ഥാനനിലയിലായി. പെരുവിരലുകളിൽ ഇപ്പോൾ രണ്ടു കെട്ടുകൾ ഉണ്ട്.



3. ഇടതു പെരുവിരലിൽ താഴെയുള്ള കെട്ട് വലതു പെരുവിരലും ചൂണ്ടുവിരലും ഉപയോഗിച്ച് എടുത്തുമാറ്റുക. ഇതേപോലെ വലതു പെരുവിരലിലെ താഴത്തെ കെട്ടും മാറ്റുക.



4. ഇനി ചെറുവിരലിലെ കെട്ടുകൾ വിടുക.



5. ഇനി കൈകൾ അകറ്റി ഒരു തമ്പ്സ് അപ് ചെയ്താൽ, നടുവിലായി ഒരു കപ്പും സോസറും കാണാം.

മൂങ്ങാക്കണ്ണ്

കപ്പും സോസറിന്റെയും തുടർച്ചയാണ് മൂങ്ങാക്കണ്ണ്. ഇത് ഉണ്ടാക്കിയതിനുശേഷം നിങ്ങളുടെ കണ്ണിനു മുകളിൽ കണ്ണടപോലെ പിടിക്കാം.



1. ആദ്യം കപ്പും സോസറും ഉണ്ടാക്കുക. എന്നിട്ട് പെരുവിരലുകൾ ചൂണ്ടുവിരലിലെ കെട്ടിനടിയിലൂടെ ഇടുക. ഇപ്പോൾ പെരുവിരലുകളിൽ ഈരണ്ട് കെട്ടുകളായി.



2. വലത് പെരുവിരലും ചൂണ്ടുവിരലും കൊണ്ട് പെരുവിരലിലെ താഴത്തെ കെട്ട് ഊരുക. വലതു പെരുവിരലിലെയും താഴത്തെ കെട്ടും അങ്ങനെ ഊരുക.



3. നടുവേ പോകുന്ന, നീളമുള്ള ചരടിനെ ചൂണ്ടുവിരലുകൾകൊണ്ട് താഴത്തെ കെട്ടിലേക്ക് കൊളുത്തുക.



4. കൈകൾ പുറം തിരിക്കുക. ചൂണ്ടുവിരലിലെ കെട്ടിനെക്കുറിച്ച് ആശങ്ക വേണ്ട. അത് തനിയെ അതിൽനിന്ന് മാറിക്കോളും.



5. ഇനി ചൂണ്ടുവിരലുകൾ നിവർത്തി വശങ്ങളിലേക്ക് വലിച്ചാൽ മൂങ്ങാക്കണ്ണ് തയ്യാർ.

അറക്കവാൾ

ഈ രൂപം ലോകത്ത് വിവിധ ഭാഗങ്ങളിൽ കണ്ടുവരുന്നു. അറക്കവാൾ പ്രവർത്തിപ്പിക്കുന്നതിന് നിങ്ങൾക്ക് ഒരു സുഹൃത്തിന്റെ സഹായം ആവശ്യമാണ്!



1. അറ്റം കെട്ടിയ ചരട് രണ്ടു കയ്യിലെയും ചൂണ്ടുവിരൽ, നടുവിരൽ, മോതിരവിരൽ എന്നിവയുടെ പുറകിൽ ഇടുക.



2. വലത് പെരുവിരലും ചൂണ്ടുവിരലും കൊണ്ട് അടുത്തുള്ള ചരട് എടുത്ത് ഇടതു കയ്യിലെ വിരലുകളിൽ ചുറ്റുക. ഇതുപോലെ വലതു കയ്യിലും ചെയ്യുക.



3. ഇടതു നടുവിരൽകൊണ്ട് വലത് ഉള്ളംകയ്യിലെ ചരട് എടുക്കുക. വലത് നടുവിരൽകൊണ്ട് ഇടത് ഉള്ളംകയ്യിലെ ചരടും എടുക്കുക.



4. ഇനിയാണ് സുഹൃത്തിന്റെ സഹായം വേണ്ടത്. ചിത്രത്തിന്റെ താഴെ കാണുന്ന പോലെയുള്ള, ഒരു കയ്യിൽനിന്ന് മറ്റേ കയ്യിലേക്ക് പോകുന്ന നീളമുള്ള രണ്ടു ചരടുകളും പിടിക്കാൻ സുഹൃത്തിനോട് പറയുക.





5. കെട്ടുകൾ വിട്ടുപോകാതിരിക്കാൻ വിരലുകളെല്ലാം ബലമായി കൂട്ടിപ്പിടിക്കുക. നടുവിരലിലെ മാത്രം കെട്ടുകൾ നിർത്തി, ബാക്കിയെല്ലാം സാവധാനം അഴിക്കുക. സുഹൃത്ത് കയ്യിലെ ചരടുകൾ പിടിച്ചുകൊണ്ട് നിൽക്കട്ടെ. ഇനി നിങ്ങൾ പരസ്പരം മാറിമാറി വലിക്കുമ്പോൾ ചരടുകൾ മുന്നിലേക്കും പിന്നിലേക്കും അറക്കവാൾപോലെ നീങ്ങും.

ഈച്ചയും കൊതുകും

നിങ്ങൾക്ക് ഈച്ചയെയും കൊതുകിനെയുമൊന്നും ഇഷ്ടമല്ലെങ്കിൽ ഈ ചരടുരൂപം ഉണ്ടാക്കുന്നത് നല്ല രസമായിരിക്കും. ഈ പ്രാണികളെ രൂപപ്പെടുത്തി, കൈകൾകൊണ്ട് പിടിച്ച് അടിക്കുന്നതിന്റെ ഒരു സുഖം ഇതിലൂടെ കിട്ടും.



1. ചെറുവിരലുകളിലെ ചരടിൽനിന്നാണ് തുടങ്ങുന്നത്. ചെറുവിരലുകളിലെ കെട്ടിലെ രണ്ടു ചരടുകളും പെരുവിരലുകൾകൊണ്ട് എടുക്കുക.



2. ഇടത് ഉള്ളംകയ്യിലെ രണ്ടു ചരടുകളും വലത് ചൂണ്ടുവിരൽകൊണ്ട് എടുക്കുക.



3. ഇടതു പെരുവിരൽ എല്ലാ ചരടുകളുടെയും മീതെക്കൂടി എടുത്ത് വലത് ഉള്ളംകയ്യിലെ ചെറുവിരലിന് അടുത്തുള്ള രണ്ടു ചരടുകളും എടുക്കുക.



4. ഇടത് പെരുവിരലിന്റെ അടിയിലെ കെട്ട് വിടുക.



5. വലത് പെരുവിരൽ കെട്ട് വിടുക. എന്നിട്ട് കൈകൾ പുറംതിരിച്ചു ചരടുകൾ വലിച്ചു മുറുക്കുക.



6. വലിക്കാതെ തന്നെ വലത് ചൂണ്ടുവിരലിലെയും ഇടത് പെരുവിരലിലെയും കെട്ടുകൾ വിടുക.



7. കൊതുകിനെ അതിന്റെ ചിറകോടുകൂടി കാണാം.



8. ഇനിയാണ് തമാശ. കൊതുകിനെ കൊല്ലാൻ രണ്ടും കയ്യും കൂട്ടിയടിക്കുക.



9. ഉടൻതന്നെ ഇരുകൈകളും രണ്ടു വശത്തേക്കും വലിക്കുമ്പോൾ കൊതുക് അപ്രത്യക്ഷമാകും.

ചരടുകഥ

ഈ കഥ ലോകത്ത് എല്ലായിടത്തും കേൾക്കുന്നതാണ്. ഇന്ത്യയിൽ കേൾക്കുന്നത് ഇങ്ങനെയാണ്: ഒരു കർഷകൻ ആദ്യം നിലം ഉഴുന്നു, പിന്നെ വിതയ്ക്കുന്നു, പിന്നീട് വിളകൾ നനയ്ക്കുന്നു. അവസാനമായി വളമിടുന്നു. ഇപ്പോൾ വിളവെടുക്കാറായി. അപ്പോഴതാ ഒരു വലിയ എലി വന്ന് വിളവെല്ലാം തിന്നു തീർക്കുന്നു.



1. അറ്റം കെട്ടിയ ചരട് ഇടത് പെരുവിരലിൽ തൂക്കിയിടുക (കർഷകൻ നിലം തെരഞ്ഞെടുത്തു).



2. മുമ്പിലെ ചരടിന്റെ അടിയിലൂടെ വലത് ചൂണ്ടുവിരൽ ഇട്ട് ആ ചരട് എടുത്ത് ഇടത് പെരുവിരലിനും ചൂണ്ടുവിരലിനും ഇടയിൽ കൊരുക്കുക.



3. ഈ കെട്ടിനെ വലത്തോട്ട് ഒന്നു തിരിക്കുക (കൃത്യമായി തിരിച്ചില്ലെങ്കിൽ ശരിയായി വരില്ല).



4. ഈ ചെറിയ കെട്ട് നിങ്ങളുടെ ഇടത് ചൂണ്ടുവിരലിനു മുകളിലൂടെ ഇടുക (കർഷകൻ നിലം ഉഴുന്നു).



5. തൂങ്ങിക്കിടക്കുന്ന ചരട് വലതുകൈകൊണ്ട് പിടിച്ച് വലിച്ചുമുറുക്കുക.



6. വീണ്ടും വലത് ചൂണ്ടുവിരൽകൊണ്ട് ഇടത് ചൂണ്ടുവിരലിനും നടുവിരലിനും ഇടയിൽ ചരട് കൊരുക്കുക.



7. ഇത് മുമ്പിലെ ചരടിന്റെ അടിയിലൂടെ വലിക്കുക. ഈ കെട്ടിനെ വലത്തേക്ക് ഒന്നു തിരിക്കുക.



8. ഈ കെട്ട് നടുവിരലിൽ ഇടുക. എല്ലാം നല്ലപോലെ മുറുക്കുക (കർഷകൻ വിത്ത് വിതയ്ക്കുന്നു).



9. നടുവിരലിനും മോതിര വിരലിനും ഇടയിൽ ചരട് വീണ്ടും കൊരുത്ത് കെട്ട് മുമ്പിലേക്ക് വലിക്കുക.



10. വലത്തേക്കു തിരിച്ച് ഇടതു മോതിരവിരലിനു മുകളിൽ വയ്ക്കുക (കർഷകൻ ചെടികൾ നനയ്ക്കുന്നു).



11. അവസാനമായി മോതിരവിരലിനും ചെറുവിരലിനും ഇടയിലുള്ള മുന്നിലെ ചരടിന്റെ അടിയിലെത്തി പുറകിലെ ചരടിന്റെ കെട്ട് മുമ്പിലേക്കെടുക്കുക.



12. ഈ കെട്ടിനെ വലത്തോട്ട് ഒന്നു തിരിച്ചു ഇടത് ചെറുവിരലിന് മുകളിൽ ഇടുക (കർഷകൻ വളം ഇടുന്നു).



13. ഇതാണ് അവസാന റിസൾട്ട് (വിള പാകമായി). ഇടത്തേ പെരുവിരലിലെ കെട്ട് വിടുക. (ഒരു വലിയ എലി വരുന്നു. ഇടത് പെരുവിരലിലെ കെട്ടാണ് എലി).



14. ഇടതു കയ്യിൽനിന്നും മുമ്പിലെ കെട്ട് വലിക്കുക. എല്ലാ വിരലിൽനിന്നും എല്ലാ കെട്ടുകളും അഴിഞ്ഞു പോരും (വലിയ എലി എല്ലാ വിളവും തിന്നു തീർത്തു). ഇതാണ് കഥയുടെ അന്ത്യം.

ഒരാൾ മരത്തിൽ കയറുന്നു

ഇത് വളരെ പ്രചാരമുള്ള ഒരു ചരടുരൂപം ആണ്. ഓസ്ട്രേലിയയിൽനിന്ന് രൂപപ്പെട്ടതാണെന്നു പറയപ്പെടുന്നു.



1. ചൂണ്ടുവിരൽ അടിസ്ഥാനത്തിൽ തുടങ്ങുക.



2. ചെറുവിരലുകൾകൊണ്ട് അടുത്തുള്ള ചരട് എടുത്ത് പുറകിലേക്കു വലിക്കുക.



3. ഇങ്ങനെയാവും അതിന്റെ റിസൾട്ട്. അമ്പടയാളം ഇട്ടിരിക്കുന്ന ചരട് വിടുക.



4. ചരട് വിടുമ്പോഴുള്ള അവസ്ഥയാണ് ഈ ചിത്രത്തിൽ കാണുന്നത്.



5. ചൂണ്ടുവിരലുകൾ താഴേക്ക് മടക്കി, അവയ്ക്ക് കുറുകെ പോകുന്ന ചരട് മുറുകെ പിടിക്കുക.



6. കൈകൾ മുന്നിലേക്ക് തിരിക്കുക. ഒരു പുസ്തകം ഉപയോഗിച്ച് താഴത്തെ ചരട് താഴേക്ക് ആക്കി തറയിൽ വയ്ക്കുക.



7. ചൂണ്ടു വിരലിലെ ചരടുകൾ മുറുകെ പിടിച്ചിട്ട് ബാക്കി എല്ലാ ചരടുകളും വിടുക.



8. ചൂണ്ടുവിരലുകളിലെ ചരടുകൾ മാറി മാറി മുകളിലേക്ക് വലിച്ചാൽ ഒരു മനുഷ്യൻ മരത്തിൽ കയറുന്നതായി കാണാം.

ഒറ്റ രത്നം

വളരെ ചുരുക്കം സ്റ്റെപ്പുകൾകൊണ്ട് നിങ്ങൾക്ക് ഒറ്റ രത്നം ഉണ്ടാക്കാം. അതിനുശേഷം നിങ്ങൾക്ക് രണ്ടോ മൂന്നോ നാലോ രത്നങ്ങൾ ഉണ്ടാക്കാൻ കഴിയും.



1. അറ്റം കെട്ടിയ ചരട് പെരുവിരലുകൾക്ക് മീതെ ഇടുക. ചെറുവിരലുകളുടെ സഹായത്താൽ അടുത്തുള്ള ചരട് ഉയർത്തുക.



2. വലത് നടുവിരൽകൊണ്ട് ഇടത് ഉള്ളംകയ്യിലെ ചരടും ഇടത് നടുവിരൽകൊണ്ട് വലത് ഉള്ളംകയ്യിലെ ചരടും എടുക്കുക.



3. രണ്ടു ചെറുവിരലുകളിലെ കെട്ടും വിടുക.



4. ചെറുവിരലുകൾ മടക്കി പെരുവിരലുകളിലെ ചരട് പൊക്കിയെടുക്കുക.



5. ചിത്രത്തിലേതുപോലെ പെരുവിരൽ മടക്കി നടുവിരലിലെ ചരട് പൊക്കിയെടുക്കുക. മറ്റേ കയ്യിലെ ചൂണ്ടുവിരലും പെരുവിരലും ഇതിനായി ഉപയോഗിക്കാം.



6. താഴെയുള്ള പെരുവിരലുകളിലെ ചരട് മുകളിലത്തേതിനെക്കാൾ ഉയർത്തിയശേഷം അത് വിടാവുന്നതാണ്. കുറച്ചു പരിശീലനത്തിലൂടെ അത് എളുപ്പത്തിൽ നിങ്ങൾക്ക് ചെയ്യാൻ സാധിക്കും.



7. നടുവിരലുകൾ താഴേക്ക് മടക്കി രൂപപ്പെട്ടിരിക്കുന്ന ചെറിയ ത്രികോണങ്ങളിലേക്ക് കടത്തുക.



8. ചെറുവിരലുകളിലെയും നടുവിരലുകളിലെ പുറത്തുള്ളതുമായ ചരടുകൾ വിടുക. പെരുവിരലിലെയും നടുവിരലിന്റെ ഉള്ളിലുമുള്ള ചരടും പിടിക്കുക.



9. കൈകൾ ശ്രദ്ധാപൂർവ്വം വിടർത്തുക. ഇടത് കൈ പുറത്തേക്ക് തിരിക്കുമ്പോൾ ഒറ്റ രത്നം പ്രത്യക്ഷമാകും.

ഇരട്ട രത്നം

ഒറ്റ രത്നത്തിനു ശേഷമുള്ള അടുത്ത പടി ഇരട്ട രത്നമാണ്.



1. നടുവിരൽ അടിസ്ഥാനം ഉണ്ടാക്കുക. പെരുവിരൽ ചരടുകൾ വിടുക.



2. മടക്കിയ പെരുവിരലുകളാൽ അകലെയുള്ള ചരട് പൊക്കിയെടുക്കുക.



3. പെരുവിരലുകൾ മടക്കി നടുവിരലുകളിലെ ചരട് ചിത്രത്തിലേതുപോലെ പൊക്കി യെടുക്കുക.



4. പെരുവിരലിലെ താഴത്തെ ചരടുകൾ പല്ലു പയോഗിച്ചു മുകളിലെ ചരടിന്റെ മേലേക്ക് കൊണ്ടുവന്ന് വിടുക.



5. നടുവിരൽ താഴേക്ക് മടക്കി ചിത്രത്തിൽ കാണുന്ന രണ്ടു ത്രികോണങ്ങൾക്ക് ഉള്ളി ലേക്ക് ഇടുക.



6. ചെറുവിരലുകളിലെയും നടുവിരലുകൾക്ക് പുറത്തുമുള്ള ചരടുകൾ വിടുക. പെരു വിരലുകളിലെയും നടുവിരലുകൾക്ക് ഉള്ളിലു മുള്ള ചരടുകളിലെയും പിടുത്തം തുടരുക.



7. കൈകൾ ഇരുവശത്തേക്കും വിടർത്തി പുറംതിരിക്കുക. ഇരട്ട രത്നം ഉണ്ടായി ക്കഴിഞ്ഞു.

മൂന്നു രത്നങ്ങൾ

ഇത് വളരെ മനോഹരമായ രത്ന മാതൃകയാണ്.

1. അറ്റം കെട്ടിയ ചരട് ഇടത് പെരുവിരലിനും ചൂണ്ടുവിരലിനും മീതെ ഇടുക.



2. വലത് ചൂണ്ടുവിരലും പെരുവിരലും കൊണ്ട് ഇടത് പെരുവിരലിനും ചൂണ്ടുവിരലിനും ഇടയിലുള്ള ചരട് വലിച്ചെടുക്കുക.



3. വലതുകൈ നിങ്ങൾക്ക് അഭിമുഖമായി മുകളിലേക്ക് തിരിക്കുക.



4. വലത് പെരുവിരൽകൊണ്ട് ഇടത് ഉള്ളംകയ്യിലെ ചരട് പൊക്കിയെടുക്കുക.



5. ചെറുവിരലുകൾ മടക്കി പെരുവിരലുകളിലെ ചരട് പൊക്കിയെടുക്കുക.



6. പെരുവിരലുകൾ മടക്കി ചൂണ്ടുവിരലുകളിലെ ചരട് പൊക്കിയെടുക്കുക.



7. പെരുവിരലുകൾക്ക് താഴെയുള്ള ചരട് പല്ലുപയോഗിച്ചു മുകളിലുള്ള ചരടിന്റെ മേലേക്ക് കൊണ്ടുവന്ന് വിടുക.



8. ചൂണ്ടുവിരലുകൾ താഴേക്ക് മടക്കി ചെറിയ ത്രികോണങ്ങളിലിടുക.



9. ചെറുവിരലുകളിലെയും ചൂണ്ടുവിരലുകൾക്ക് പുറത്തുമുള്ള ചരടുകളും വിടുക. പെരുവിരലുകളിലെയും ചൂണ്ടുവിരലുകൾക്ക് ഉള്ളിലുള്ള ചരടുകളും പിടിച്ചുകൊള്ളണം.



10. കൈകൾ പുറംതിരിച്ചു ഇരുവശത്തേക്കും വലിച്ചാൽ ഒരേ നിരയിൽ മൂന്നു രത്നങ്ങൾ കാണാം.

ജേക്കബിന്റെ കോണി

ജേക്കബിന്റെ കോണി, മീൻവല അല്ലെങ്കിൽ നാലു രത്നങ്ങൾ എന്നും അറിയപ്പെടുന്നു. ഇത് ലോകത്തിൽ പലയിടത്തും പ്രസിദ്ധമാണ്.



1. ഓപ്പണിങ് എയിൽ തുടങ്ങാം. തുടർന്ന് പെരുവിരലുകളിലെ കെട്ടുകൾ വിടുക.



2. പെരുവിരലുകൾകൊണ്ട് ചെറുവിരലുകളിലെ കെട്ടുകൾ താഴേക്കൂടിയെടുക്കുക.



3. പെരുവിരലുകൾ ചൂണ്ടുവിരലിന്റെ അടുത്തുള്ള ചരടിന്റെ മുകളിലൂടെ കൊണ്ടുപോയി അപ്പുറത്തുള്ള ചരട് എടുത്തു തിരികെകൊണ്ടുവരിക.



4. ചെറുവിരലിലെ കെട്ടുകൾ വിടുക.



5. ചെറുവിരലുകൾ ചൂണ്ടുവിരലിന്റെ അടുത്തുള്ള ചരടിനു മുകളിലൂടെ എടുത്ത് പെരുവിരലിലെ ചരട് എടുത്ത് തിരികെ കൊണ്ടുവരിക.



6. ഇനി പെരുവിരലുകളിലെ കെട്ടുകൾ വിടുക. ഇപ്പോൾ ചരടുകൾ കണ്ടാൽ പൂച്ചയുടെ മീശപോലെ തോന്നും.



7. പെരുവിരലുകൾ ചൂണ്ടുവിരലിലെ കെട്ടുകൾക്ക് മുകളിലൂടെ കൊണ്ടുപോയി ചെറുവിരലുകളിലെ ചരട് എടുത്ത് തിരികെ കൊണ്ടുവരിക.



8. വലത് ചൂണ്ടുവിരലിലെ കെട്ട് വലത് പെരുവിരലുമായി പങ്കിടുന്നതിന് ഈ രീതി വീണ്ടും ഉപയോഗിക്കുക.



9. പെരുവിരലുകൾ ചെറുതായി മടക്കി ഇടത് പെരുവിരലിലെ കെട്ടിനെ ആദ്യവും പിന്നീട് വലത് പെരുവിരലിലെ കെട്ടിനെയും നവാഹോ കെട്ടിലേക്ക് കൊണ്ടുവരിക (ഇവിടെ നിങ്ങൾക്ക് വേണമെങ്കിൽ പല്ലുകളും ഉപയോഗിക്കാം).



10. ചൂണ്ടുവിരലുകൾ പെരുവിരലുകൾക്ക് അടുത്തുള്ള ത്രികോണത്തിൽ ഇടുക.



11. പതുക്കെ ചെറുവിരലുകൾ കെട്ടിൽനിന്ന് ഊരുക.



12. കൈകൾ പുറം തിരിക്കുക. അപ്പോൾ ചൂണ്ടുവിരലിലെ കെട്ടുകൾ അതിൽനിന്ന് ഊരിപ്പോകും.



13. ഇനി ചൂണ്ടുവിരൽ നിവർത്തിയാൽ നാലു രത്നങ്ങൾ അല്ലെങ്കിൽ ജേക്കബിന്റെ കോണി ആയി.



14. ഇനി ഈഫൽ ടവർ വേണോ? മുകളിലെ ചരടിന്റെ മധ്യഭാഗം പല്ലുകൾകൊണ്ട് കടിച്ചുപിടിച്ച് വലിക്കുക.



15. മന്ത്രവാദിനിയുടെ തൊപ്പി ഉണ്ടാക്കാൻ മുകളിലെ ചരടിന്റെ മധ്യഭാഗം പല്ലുകൾകൊണ്ട് കടിച്ചുപിടിച്ച് വലിക്കുക. തുടർന്ന് ചൂണ്ടുവിരലിലെ കെട്ടുകൾ വിട്ട് പെരുവിരലുകൾ താഴേക്ക് വലിക്കുക.

ഭൂകമ്പത്തിലകപ്പെട്ട വീട്

ഉത്തരകാശി, ലാത്തൂർ, ഭുജ് തുടങ്ങി ഇന്ത്യയിലെ പല പ്രദേശങ്ങളും ഭൂകമ്പ സാധ്യതാ മേഖലകളാണ്. ചരട് വീട് ഭൂകമ്പത്തിൽ തകരുമ്പോൾ രണ്ടു കുട്ടികൾ ജീവനും കൊണ്ടോടും.



1. രണ്ട് കയ്യിലെയും നാലു വിരലുകൾക്ക് ചുറ്റുമായി ചരട് ഇടുക. ചെറുവിരലുകൾ കൊണ്ട് അടുത്തുള്ള ചരട് പൊക്കിയെടുത്ത് പുറകോട്ടു വലിക്കുക.



2. അതു കഴിയുമ്പോൾ ചരട് ചിത്രത്തിലേതു പോലെ ഇരിക്കും.



3. വലത് ചൂണ്ടുവിരൽകൊണ്ട് ഇടത് ഉള്ളം കയ്യിലെ ചരടും ഇടത് ചൂണ്ടുവിരൽകൊണ്ട് വലത് ഉള്ളംകയ്യിലെ ചരടും എടുക്കുക.



4. ഇതാവണം അവസാന രൂപം. ഇനി പെരു വിരലുകൾ മടക്കി അടുത്തുള്ള ത്രികോണ ങ്ങളിലേക്ക് കടത്തി...



5. പുറകിലെ താഴത്തെ ചരട് പൊക്കി യെടുക്കുക.



6. പെരുവിരലുകൾ നിങ്ങൾക്ക് നേരെ വലിക്കുക. അമ്പടയാളം ഇട്ടിരിക്കുന്ന ചരടുകൾ വിടുക.



7. അമ്പടയാളം ഇട്ട ചരടുകൾ വിടുന്നതിനു ഇരുകൈകളിലെയും പെരുവിരലും ചൂണ്ടുവിരലും ഉപയോഗിക്കുക. അതിനുശേഷം കൈകൾ അകറ്റുക.



8. കൈകൾ പുറംതിരിക്കുമ്പോൾ പെട്ടെന്ന് ഒരു വീട് കാണാം.



9. ഇനിയാണ് ഭൂകമ്പം. വീട് ഇളകുന്നതിന് ചൂണ്ടുവിരലുകളിലെ ചരടുകൾ വിടുക.



10. നിങ്ങൾ കൈകൾ അകത്തുമ്പോൾ വീട് തകർന്നു വീഴുകയും രണ്ടു കുട്ടികൾ ഇരു ദിശകളിലേക്കും ജീവനുംകൊണ്ട് ഓടുകയും ചെയ്യുന്നത് കാണാം.

പനമരം

സുന്ദരമായ ഈ മരം ഉണ്ടാക്കുന്നതിന് നിങ്ങളുടെ രണ്ടു കൈകളും ഒരു കാൽപ്പാദവും വേണം.



1. ഉള്ളംകൈകൾക്ക് കുറുകെയും പെരുവിരലുകൾക്കു പുറകിലുമായി കെട്ടിയ ചരട് ഇടുക.



2. വലത് ചൂണ്ടു വിരൽ കൊണ്ട് ഇടത് ഉള്ളം കയ്യിലെ ചരട് എടുത്തു കൈ കൾ അകത്തുക.



3. അതുപോലെ ഇടത് ചൂണ്ടുവിരൽകൊണ്ട് വലത് ഉള്ളംകയ്യിലെ ചരട് എടുക്കുക.



4. കൈകൾ അകത്തുമ്പോൾ ചൂണ്ടു വിരൽ അടിസ്ഥാനം ഉണ്ടാകുന്നു.



5. ഇനി നിങ്ങളുടെ വിരൽത്തുമ്പുകൾ നിലത്തു വെക്കുക. പെരുവിരലിന് നേരെ മുകളിലായി പുറത്തുകൂടെ പോകുന്ന ചരട് കണ്ടെത്തുക. ഈ ചരട് അമ്പടയാളം കൊണ്ട് ചിത്രത്തിൽ കാണിച്ചിരിക്കുന്നു.



6. ഒരു കാൽപ്പാദം ബാക്കിയെല്ലാ ചരടുകളുടെയും താഴെയായി, ഈ ചരടിന്റെ മുകളിൽ വയ്ക്കുക.



7. കാൽപ്പാദവും പാദംവെച്ച ചരടും തറയിൽ വച്ച് കൈകൾ പുറത്തേക്ക് വിടർത്തി കുറച്ചു മുകളിലേക്ക് വലിക്കുക. മുമ്പിൽനിന്നു നോക്കുമ്പോൾ ചിത്രത്തിലേതുപോലെ കാണാം.



8. ഇനി വലതുകയ്യിലെ എല്ലാ കെട്ടുകളും ഇടതുകയ്യിലേക്ക് മാറ്റുക. ഇപ്പോൾ മാറ്റിയ കെട്ടുകളെല്ലാം വിരലുകളുടെ അഗ്രഭാഗത്ത് ആയിരിക്കാൻ ശ്രദ്ധിക്കുക.

ഇപ്പോൾ നിങ്ങളുടെ വലത് പെരുവിരൽ ഇടതു പെരുവിരലിലേക്ക് കൊണ്ടുപോവുക.

വലത് പെരുവിരലിലെ കെട്ട് ഇടത് പെരുവിരലിൽ ആയി.

വലത് ചെറുവിരലിലെ കെട്ട് ഇടത് ചെറു വിരലിൽ ആയി.

താഴെയുള്ള കെട്ടുകൾ അതേ കയ്യിലെ കെട്ടുകൾക്ക് മുകളിലേക്ക് ആക്കി വലത് കയ്യിലേക്ക് മാറ്റുക.

9. ഇനി ഇടതുകയ്യിലെ കെട്ടുകൾ (അമ്പടയാളം ഇട്ടിരിക്കുന്ന താഴെയുള്ളവ) മുകളിലുള്ള കെട്ടുകളുടെ മുകളിലേക്ക് നീക്കി വലതു കയ്യിലേക്ക് മാറ്റുക.

ഇടത് ചെറുവിരലിലെ കെട്ട് വലത് ചെറുവിര ലിലേക്ക് മാറ്റി തുടങ്ങുക.



10. എന്നിട്ട് ഇടത് ചൂണ്ടുവിരലിലെയും പെരു വിരലിലെയും കെട്ടുകൾ വലതുകയ്യിലേക്ക് മാറ്റുക.



11. കൈകൾ കുറച്ചുകൂടി മുകളിലേക്ക് വലി ക്കുക. അതാ ഒരുഗ്രൻ പനമരം. നിങ്ങൾ കൈ കൾ വശങ്ങളിലേക്ക് വീശിയാൽ പനമരം കാറ്റിൽ ആടുന്നത് കാണാം!

ചിത്രശലഭം

മനോഹരമായ ഈ ചിത്രശലഭം വരുന്നത് ജപ്പാനിൽനിന്നാണ്. ഇതിന് പതിവല്ലാത്ത കുറേ നീക്കങ്ങളുണ്ട്. അതുകൊണ്ട് ശ്രദ്ധയോടെ നിർദ്ദേശങ്ങൾ പാലിക്കുക.



1. പെരുവിരലിന് ചുറ്റും ചിത്രത്തിലേതു പോലെ ചരട് ഇട്ട് വലിക്കുക.



2. പെരുവിരലിന്റെ അകലെയുള്ള ചരട് ഇടതു ചെറുവിരൽകൊണ്ട് എടുക്കുക.



3. വലതുകയ്യിലെ ചെറുവിരലൊഴികെ ബാക്കി എല്ലാ വിരലുകളും മടക്കുക. വലത് ചെറുവിരൽ ഇടത് ഉള്ളംകയ്യിലെ ചരടിന്റെ പുറകിലൂടെ താഴേക്ക് കൊണ്ടുപോവുക. ചരട് ചിത്രത്തിൽ കാണുന്നതുപോലെ തന്നെ അല്ലേ എന്ന് ശ്രദ്ധിക്കണം.



4. ചൂണ്ടുവിരലുകൾകൊണ്ട് ചെറുവിരലുകളുടെ അടുത്തുള്ള ചരട് എടുക്കുക.



5. നടുവിരലുകളും നടുവിരലിന്റെയും മോതിര വിരലിന്റെയും മുമ്പിലുള്ള ഉള്ളംകയ്യിലെ ചെറിയ ചരടും കൊണ്ട് ഓപ്പണിങ് എ ഉണ്ടാക്കുക.



6. ചെറുവിരലുകൾകൊണ്ട് പെരുവിരലിന്റെ അകലെയുള്ള ചരട് എടുത്തിട്ട് തിരികെ കൊണ്ടുപോവുക.



7. ഉള്ളംകയ്യിലെ ചരടിന്റെ മുകളിലുള്ള ചൂണ്ടു വിരൽ കെട്ടിലേക്ക് ചൂണ്ടുവിരലുകളിടുക.



8. ചൂണ്ടുവിരൽകൊണ്ട് ഉള്ളംകയ്യിലെ എല്ലാ ചരടുകളും ബലമായി പിടിച്ച് പെരുവിരൽ കെട്ടുകൾ വിടുക.



9. കൈകൾ നിങ്ങൾക്ക് നേരെ പിടിച്ച് ചൂണ്ടു വിരലിലെ പഴയ കെട്ടുകൾ എടുക്കുക.



10. ചൂണ്ടുവിരലുകൾ നിവർത്തുമ്പോൾ അതിനടിയിൽ ഉള്ള ചരടുകൾ പുതിയ ചൂണ്ടുവിരൽ കെട്ടുകളായിട്ടുണ്ടാകും.



11. കൈകൾ നേർക്കുനേരെയാക്കുക. എന്നിട്ട് പെരുവിരലുകൾ നിവർത്തിയും മറ്റു വിരലുകൾ പുറത്തേക്കും ആയി പിടിക്കുക. ഒരു സുന്ദരി ചിത്രശലഭം അതിൽ ഒളിഞ്ഞിരിക്കുന്നത് കാണാം.

ആട്ടുകട്ടിൽ

ഈ ചരട് രൂപം അമേരിക്കൻ ആദിമഗോത്രമായ അപ്പാച്ചേയുടെ അലങ്കാരപ്പണികൾ ഉള്ള വാതിലാണ്. നമുക്ക് ഇത് പരമ്പരാഗത ഇന്ത്യൻ ആട്ടുകട്ടിൽ ആണ്.



1. ചരട് ആദ്യ പൊസിഷനിലാക്കുക.



2. നിങ്ങളുടെ വലത് കൈ മുഴുവനായി ഇടത് ഉള്ളംകയ്യിലെ ചരടിന്റെ അടിയിലിടുക. ഇത് പുറത്തേക്ക് വലിക്കുമ്പോൾ ചരടുകെട്ട് വലത് കണങ്കയ്യിലേക്ക് ഊരി വീഴണം.



3. ഇതുപോലെത്തന്നെ ഇടതുകയ്യിലെ പെരുവിരൽ ഉൾപ്പെടെ, വലത് ഉള്ളംകൈയിലെ ചരടിനടിയിലിട്ട് പുറത്തേക്ക് വലിക്കുമ്പോൾ കെട്ട് ഇടതു കണങ്കയ്യിലേക്ക് ഊരി വരണം.



4. പെരുവിരലുകൾകൊണ്ട് ചെറുവിരലിലെ അടുത്തുള്ള ചരട് എടുത്തുകൊണ്ട് പൂർവ്വസ്ഥിതിയിലേക്ക് വരുക.



5. ഇനി ചെറുവിരലുകൾകൊണ്ട് പെരുവിരലുകളിൽ അകലെയുള്ള ചരട് എടുത്ത് പൂർവ്വസ്ഥിതിയിലേക്ക് മടങ്ങുക.



6. ചിത്രത്തിലേതുപോലെ വലതുകൈകൊണ്ട് നടുക്കുള്ള ചരടുകളെല്ലാം എടുക്കുക.



7. ഈ ചരടുകളെടുത്ത് നിങ്ങളുടെ ഇടത് ചൂണ്ടുവിരലിനും പെരുവിരലിനും ഇടയിൽ ഇടുക. പെരുവിരലിലെ കെട്ടുകൾ മറയ്ക്കരുത്. ഇനി വലതുകൈകൊണ്ട് പിടിച്ചിരിക്കുന്ന ചരടുകൾ വിടുക.



8. ഇനി ഇടത് പെരുവിരലിലെ രണ്ടു കെട്ടുകളും വലത് ചൂണ്ടുവിരലും പെരുവിരലും കൊണ്ട് പിടിക്കുക. വലതുകൈ അനക്കരുത്.



9. ഇടത് പെരുവിരൽ ഈ രണ്ടു കെട്ടുകളിൽനിന്നും ചുറ്റിയ ചരടിൽനിന്നും മാറ്റുക.



10. വലതു ചൂണ്ടുവിരലി നാലും പെരുവിരലി നാലും പിടിച്ചിരിക്കുന്ന രണ്ടു കെട്ടുകളിലേക്ക് ഇടത് പെരുവിരൽ താഴെനിന്ന് കടത്തുക.



11. ഇത് വലതുകയ്യിലും ആവർത്തിക്കുക.അതായത്, ഇടതു കയ്യിനാൽ ചിത്രത്തിൽ കാണുന്നപോലെ നടുക്കുള്ള ചരടുകളെടുത്ത് പിടിക്കുക.



12. ഈ ചരടുകളെല്ലാം വലത് ചൂണ്ടുവിരലിനും പെരുവിരലിനും ഇടയിലിടുക.



13. ഇനി വലത് പെരുവിരലിലെ രണ്ടു കെട്ടുകളും ഇടത് ചൂണ്ടുവിരലും പെരുവിരലും കൊണ്ട് പിടിക്കുക. ഇടതുകൈ അനക്കരുത്.



14. വലത് പെരുവിരൽ ഈ രണ്ടു കെട്ടുകളിൽനിന്നും മാറ്റുക. ഇടതു പെരുവിരലിനാലും ചൂണ്ടുവിരലിനാലും പിടിച്ചിരിക്കുന്ന കെട്ടുകളിലേക്ക് വലത് പെരുവിരൽ താഴെനിന്ന് കടത്തുക.



15. വലത് ചൂണ്ടുവിരലും പെരുവിരലും കൊണ്ട് ഇടത് കണങ്കയ്യിലെ കെട്ട് ഇടത് കൈയുടെ മധ്യത്തിലേക്ക് വയ്ക്കുക.



16. ഇടത് ചൂണ്ടുവിരലും പെരുവിരലും കൊണ്ട് വലത് കണങ്കയ്യിലെ കെട്ട് വലത് കൈയുടെ മധ്യത്തിലേക്ക് വയ്ക്കുക.



17. ഇനിയാണ് രസം, കൈ കൂപ്പി ഒരു മന്ത്രം ജപിക്കൂ.



18. ഇനി കൈകൾ വിടർത്തുക. മനോഹരമായി നെയ്ത നാലു കാലുള്ള ആട്ടുകട്ടിൽ നിങ്ങൾക്ക് കാണാം.

പാരച്യൂട്ടും താക്കോൽക്കൂട്ടവും

ഈ രൂപം ഉണ്ടാക്കുന്നതിന് കുറെയേറെ സ്റ്റെപ്പുകൾ ഉണ്ടെന്നു കരുതി നിങ്ങൾ നിരാശരാവരുത്. കാണുന്നത്ര ബുദ്ധിമുട്ട് ഇതിനില്ല.



1. ആദ്യംതന്നെ ഇടത് ചെറുവിരലിലും പെരുവിരലിലുമായി ചിത്രത്തിലെപ്പോലെ ചരട് ഇടുക. പിന്നെ ഇതേ ചരട് ഉള്ളം കൈയ്ക്ക് കുറുകെ എടുത്ത് നടുവിരലിനു പുറകിൽ ഇടുക.



2. തൂങ്ങിക്കിടക്കുന്ന ചരടിന്റെ ഉള്ളിലൂടെ വലതുകൈ കടത്തി വലത് ചൂണ്ടുവിരൽ ഒരു കൊളുത്തെന്ന് സങ്കല്പിച്ചുകൊണ്ട് ഇടത് ചൂണ്ടുവിരലിന് മുമ്പിലെ കെട്ടിൽ പിടിക്കുക.
വലത് നടുവിരൽ ഒരു കൊളുത്തെന്ന് സങ്കല്പിച്ചുകൊണ്ട് മോതിരവിരലിന് മുമ്പിലെ കെട്ടിൽ പിടിക്കുക.
ഈ കെട്ടുകൾ പറ്റാവുന്നത്ര പുറത്തേക്ക് വലിക്കുക. ചരടിന്റെ ബാക്കിഭാഗം കണങ്കയ്യിൽ എത്തിക്കോട്ടെ. വലതുകയ്യിലെ കെട്ടുകൾക്കിടയിൽ സ്ഥലം ഉണ്ടാകും.



3. ഇനി വലത് ചൂണ്ടുവിരൽ പിടിച്ചിരിക്കുന്ന കെട്ടിലേക്ക് ഇടത് ചൂണ്ടുവിരൽ ഇറക്കുക. ഇടത് നടുവിരൽ കെട്ടുകൾക്കിടയിലുള്ള സ്ഥലത്തേക്ക് പോകും. അവസാനമായി വലത് നടുവിരൽ പിടിച്ചിരിക്കുന്ന കെട്ടിലേക്ക് ഇടത് മോതിരവിരൽ ഇറക്കുക.



4. ഈ കെട്ടുകൾ എല്ലാംകൂടി ഇടതു കയ്യുടെ പുറകിലേക്ക് തൂക്കിയിട്ട ശേഷം ചരടുകൾ വിടുക.



5. വലത് ചൂണ്ടുവിരൽ ഒരു കൊളുത്തുപോലെ ആക്കി ഇടത് പെരുവിരലിന്റെ മുമ്പിലെ കെട്ടിൽ പിടിക്കുക. വലതു നടുവിരൽ ഇതേപോലെ ആക്കി ഇടത് ചെറുവിരലിന്റെ മുമ്പിലെ കെട്ടിലും പിടിക്കുക.



6. ഈ കെട്ടുകൾ ശ്രദ്ധാപൂർവ്വം വലിച്ചാൽ ഒരു പാരച്യൂട്ട് ഉണ്ടാകും.



7. ഈ പാരച്യൂട്ട് തലകീഴായി പിടിച്ച് ഇടത് കൈവിരലുകൾ മാറ്റിയാൽ താക്കോൽക്കൂട്ടം കാണാം.

പടലപ്പഴം

കെട്ടിയ ചരടുകൊണ്ട് നിങ്ങൾക്ക് ഒരു പടല പഴം ഉണ്ടാക്കാം. എന്നാൽ അത് കഴിക്കാൻ പറ്റുമോ?



1. ഇടതുകയ്യുടെ ചൂണ്ടുവിരലിന്റെയും നടുവിരലിന്റെയും പുറകിലൂടെ ചരട് കടത്തി തൂക്കിയിടുക. നീളമുള്ള കെട്ട് ഉള്ളംകയ്യുടെ കുറുകെ തൂങ്ങിക്കിടക്കട്ടെ.
വലത് ചൂണ്ടുവിരൽ തൂങ്ങിക്കിടക്കുന്ന കെട്ടിന്റെ പുറകിലൂടെയും പിന്നീട് ഇടത് ചൂണ്ടുവിരലിന്റെയും നടുവിരലിന്റെയും ഇടയിലൂടെയും കടത്തുക. ഇത് ഒരു കൊളുത്തുപോലെ ആക്കി ഇടത് ചൂണ്ടുവിരലിനും നടുവിരലിനും പുറകിലൂടെ പോകുന്ന ചരടെടുക്കുക. ഈ കെട്ട് പറ്റാവുന്നത്ര വലിക്കുക, ചരട് കണങ്കയ്യിൽ ഞാന്നുകിടക്കട്ടെ.



2. വലതുകൈ നീണ്ടു കിടക്കുന്ന കെട്ടിനുള്ളിലേക്ക് താഴെക്കൂടെ കടത്തുക. വലത് പെരുവിരലും ചൂണ്ടുവിരലും കൊണ്ട് ഇടത് ചൂണ്ടുവിരലിനും നടുവിരലിനും ഇടയിലൂടെ പോകുന്ന ചരടിനെ പിടിക്കുക. മുൻവശത്തെ ഒറ്റ ക്കെട്ടിനു മുകളിലൂടെ തന്നെയാണ് അത് എടുത്തതെന്ന് ഉറപ്പു വരുത്തുക.



3. ഇനി കണങ്കയ്യിലെ കെട്ട് വലതുകയ്യിൽ നിന്ന് തെന്നി മാറാൻ അനുവദിച്ചുകൊണ്ട് ഈ ചരടുകൾ കഴിയുന്നത്ര വലിക്കുക. വലത് പെരുവിരലും ചൂണ്ടുവിരലും കൊണ്ട് ഈ കെട്ട് പിടിക്കുക. കെട്ട് തിരിക്കരുത്. ഇനി വലതുകയ്യിലെ മറ്റു വിരലുകൾ കൂടി കെട്ടിലേക്ക് ഇടുക.



4. ഇടതു പെരുവിരലും ചെറുവിരലും കൊണ്ട് താഴെയുള്ള ചരടിൽ നിന്നേതെങ്കിലും എടുക്കുക. വലതുകയ്യിലെ ചരടുകൾ വിടുക.



5. ഇടത് ചൂണ്ടുവിരലിന്റെയും നടുവിരലിന്റെയും കെട്ടിനു ചുറ്റുമായി വേറെ ഒരു ചെറിയ കെട്ട് കാണാം. വലത് പെരുവിരലും ചൂണ്ടുവിരലും കൊണ്ട് ഈ ചെറിയ കെട്ട് വലിച്ചെടുക്കുക. കൂടുതൽ ദൂരേക്ക് വലിക്കരുത്, രൂപം തകർന്നുപോകും.



6. ഇതാണ് ആദിമ അമേരിക്കക്കാരുടെ കൂടാരം (tipi).



7. ഇനി ഇടത് വിരലുകളിൽനിന്ന് കെട്ടുകൾ മാറ്റിയാൽ അതാ ഒരു പടല പഴം.

പറക്കുന്ന പക്ഷി

കൈകൾ വലിക്കുമ്പോൾ പറക്കുന്ന ഒരു പക്ഷിയെ വളരെ ചലനാത്മകമായ ഈ ചരടുരൂപത്തിൽ നിങ്ങൾക്ക് ഉണ്ടാക്കാം!



1. അറ്റം കെട്ടിയ ചരട് ഇടത് പെരുവിരലിനും ചെറുവിരലിനും ഇടയിലായി, ഉള്ളംകൈയ്ക്ക് കുറുകെ ഇടുക. വലതുകൈ സ്വതന്ത്രമായി ഇരിക്കണം.





2. വലത് പെരുവിരലും ചൂണ്ടുവിരലും കൊണ്ട് ഇടത് ഉള്ളംകയ്യിലെ ചരട് പിടിച്ച് അപ്പാടെ താഴേക്ക് വലിക്കുക.

അത് ഇപ്രകാരം ആയിരിക്കും കാണുക.



3. വീണ്ടും ഉള്ളംകയ്യിലുള്ള ചരട് എടുത്ത് അങ്ങനെ തന്നെ താഴേക്ക് വലിക്കുക.



4. വലതുകൈ വിരലുകൾ ഇടത് ഉള്ളംകയ്യിൽ വയ്ക്കുക. വലത് പെരുവിരലും ചെറുവിരലും തൂങ്ങിക്കിടക്കുന്ന ചരടിന്റെ അടിയിൽ ഇട്ടിട്ട്...



5. ഇടത് പെരുവിരലിനെയും ചെറുവിരലിനെയും ചുറ്റിയ കെട്ടുകൾ കണ്ടെടുക്കുക (അമ്പടയാളം ഇട്ടിരിക്കുന്നു).



6. വലതു പെരുവിരലും ചെറു വിരലും ഈ കെട്ടുകളിൽ ഇടുക...

7. എന്നിട്ട് ഈ കെട്ടുകൾ തൂങ്ങിക്കിടക്കുന്ന വലിയ കെട്ടിലൂടെ വലിക്കുക...



8. നന്നായി താഴേക്ക് വലിക്കുക.



9. കെട്ടുകൾ താഴേക്ക് എത്തിക്കഴിഞ്ഞാൽ വലതുകയ്യിലെ ചരടുകൾ വിടുക. ഇടത് ഉള്ളം കൈയുടെ അരികിലായി രണ്ടു ചെറിയ ത്രികോണങ്ങൾ തൂങ്ങിക്കിടക്കുന്നത് കാണാം.



10. വലത് പെരുവിരലും ചെറുവിരലും ഈ രണ്ടു ത്രികോണങ്ങളുടെയും താഴത്തെ ചരടിന്റെ പുറകിൽ കൊരുക്കുക (അമ്പടയാളം ഇട്ടിരിക്കുന്നു).



11. ഇടതുകയ്യിൽനിന്ന് അകലേക്ക് ഈ ചരടുകൾ വലിക്കുക. ചരടിൽനിന്ന് പിടി വിടരുത്. അവ വിട്ടുപോകരുത്. നിങ്ങളുടെ കൈകൾക്കിടയിൽ രണ്ടു രത്നങ്ങൾ ഇപ്പോൾ കാണാം.



12. വലത് ചൂണ്ടുവിരൽകൊണ്ട് രത്നത്തിന്റെ ഇടത് മൂലയിലുള്ള കെട്ട് എടുക്കുക (അമ്പടയാളം ഇട്ടിരിക്കുന്നു).



13. ഈ ഘട്ടത്തിൽ ചരടുരൂപം ഇങ്ങനെ ആയിരിക്കും കാണുക.



14. കൈകൾ ഇരുവശത്തേക്കും വലിക്കുമ്പോൾ ഈ കെട്ടുകൾ മുറുകി കുടുക്കാകും.



15. വലത് പെരുവിരലിലെയും ചെറുവിരലിലെയും കെട്ടുകൾ ശ്രദ്ധയോടെ വിട്ടാൽ പക്ഷിയുടെ ചിറകായി.



16. കൈകൾ ഇരുവശത്തേക്കും വലിക്കുമ്പോൾ പക്ഷി ഇടതുവശത്തേക്ക് പറക്കുന്നത് കാണാം.

മെഴുകുതിരിക്കാലുകൾ

ചരടുകൊണ്ടുള്ള ഈ കളി മെഴുകുതിരി ഉണ്ടാക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുന്നു. മെഴുകുതിരി ഉറയ്ക്കുന്നതിനു മുമ്പ് ചൂടു മെഴുകിൽ പല പ്രാവശ്യം മുക്കിയെടുക്കുന്നു. ഈ ചരടുരൂപങ്ങൾക്കുള്ളിൽ നല്ലൊരു കഥയും ഉണ്ട്.



1. ഇടത് ഉള്ളംകൈയ്ക്ക് കുറുകെ, പെരുവിരലിലൊഴിച്ച്, ചരട് ഇടുക. വലത് ചൂണ്ടുവിരലും പെരുവിരലും കൊണ്ട് ഇടത് കൈയ്ക്ക് പുറകിലെ തൂങ്ങിക്കിടക്കുന്ന രണ്ടു ചരടുകൾ എടുക്കുക.



2. ഈ ചരടുകൾ ചിത്രത്തിൽ കാണുന്നതുപോലെ വിരലുകളുടെ മുകളിലേക്ക് കൊണ്ടുവരിക. ചരടിന്റെ കെട്ട് ഉള്ളംകയ്യിലെ ചരടിന്റെ മുകളിൽ പരന്നു കിടക്കട്ടെ.



3. വലത് പെരുവിരലും ചൂണ്ടുവിരലും കൊണ്ട് ഇടത് ഉള്ളംകയ്യിലെ ചരട്, തൂങ്ങിക്കിടക്കുന്ന ചരടുകൾക്കുള്ളിൽ കൂടി എടുക്കുക. ഈ ചരട് കുറച്ചു പുറത്തേക്ക് വലിച്ച് ഇടത് നടുവിരലിനും മോതിരവിരലിനും മേലെ ഒരു കെട്ട് ഇടുക. ഇപ്പോഴും ഒരു കെട്ട് ഉള്ളംകൈയ്ക്ക് താഴേക്ക് തൂങ്ങിക്കിടക്കുന്നുണ്ടാകും. ഈ കെട്ട് വലിച്ചു മുറുക്കുക.



4. വലത് നടുവിരൽ ഇടതു ചെറുവിരലിലെ കെട്ടിലിടുക. വലത് ചൂണ്ടുവിരൽ ഇടത് ചൂണ്ടുവിരലിലെ കെട്ടിലും ഇടുക. ഇവ പറ്റുന്നത്ര പുറത്തേക്കു വലിക്കുക.



5. ഇടത് വിരലുകൾ ഉള്ളിലേക്ക് മടക്കുക. ഇടത് ചൂണ്ടുവിരൽ അതിനരികെയുള്ള ചരടിനു മുകളിലും, നടുവിരൽ ഇടത് ചൂണ്ടുവിരലിന്റെ കെട്ടിലും, ഇടത് മോതിരവിരൽ ഇടത് ചെറുവിരൽ കെട്ടിലും, ഇടത് ചെറുവിരൽ അതിന്റെ അകലെയുള്ള ചരടിലും ഇടുക.





6. വലത് ചൂണ്ടുവിരലും പെരുവിരലും കൊണ്ട് തൂങ്ങിക്കിടക്കുന്ന രണ്ട് കെട്ടുകളും എടുത്ത് ഇടത് നടുവിരലിന്റെയും മോതിരവിരലിന്റെയും പുറകിലുള്ള കെട്ടിനുള്ളിലൂടെ കടത്തുക. എന്നിട്ട് അത് ഇടതുകയ്യുടെ പുറകിലേക്ക് തൂങ്ങുന്നവിധം വലിക്കുക.



7. വലതു ചൂണ്ടുവിരലും പെരുവിരലും കൊണ്ട് ഇടത് നടുവിരലിന്റെയും മോതിരവിരലിന്റെയും പുറകിലെ മടക്കിന് മുകളിലൂടെ പോകുന്ന കെട്ട് ഉള്ളംകയ്യിലേക്ക് വലിക്കുക.

കഥ : ഒരിക്കൽ ഒരാൾ കുറെ മെഴുകുതിരികൾ മോഷ്ടിച്ചു. അയാൾ അവയെല്ലാം വീട്ടിൽ കൊണ്ടുപോയി ഒരു ആണിയിൽ തൂക്കിയിട്ടു.



8. വളരെ പതുക്കെയും ശ്രദ്ധയോടെയും ഈ കെട്ട് ഇടതുകയ്യിൽനിന്ന് വലിക്കുന്നതോടൊപ്പം ഇടത് വിരലുകളും തുറക്കുക. ഇടത് ഉള്ളംകൈ മുകളിലേക്ക് പിടിച്ച് വലതു കൈകൊണ്ട് മുകളിലേക്ക് വലിക്കുക. നിങ്ങൾക്ക് നാലു മെഴുകുതിരികൾ കാണാം.



9. വലത് ചൂണ്ടുവിരലും പെരുവിരലും കൊണ്ട് പിടിച്ചിരിക്കുന്ന കെട്ട് എടുത്ത്, ഒരു ചരടും തിരിയാതെ ഇടത് പെരുവിരലിന് മുകളിലേക്കിടുക.



10. ഉള്ളംകൈ താഴേക്കും വിരലുകൾ വലത്തോട്ട് ചൂണ്ടിയും ഇരിക്കുന്ന വിധം ഇടതുകൈ പിടിക്കുക. വലത് ചൂണ്ടുവിരലും നടുവിരലും കൊണ്ട് കെട്ടുകൾ ഇടത് നടുവിരലിന്റെയും മോതിരവിരലിന്റെയും പുറകിൽ കൊളുത്തുക. ഇരു കൈകളും പുറം തിരിഞ്ഞിരിക്കണം.



അയാൾ വളരെ ക്ഷീണിതനായിരുന്നു. അതിനാൽ അയാൾ കസേരയിലിരുന്ന് ഉറങ്ങിപ്പോയി.

11. വലതുകൈകൊണ്ടു ഈ രണ്ടു കെട്ടുകളും മുകളിലേക്ക് പറ്റുന്നത്ര വലിക്കണം. അതേസമയം തന്നെ ഇടത് ഉള്ളംകൈ ഉള്ളിലേക്ക് തിരിക്കണം. ഇത് ഒരു മനുഷ്യൻ ഇരിക്കുന്ന കസേര രൂപപ്പെടുത്തും.

അയാൾ എണീറ്റപ്പോൾ ഇരുട്ടായിട്ടുണ്ടായിരുന്നു. മെഴുകുതിരികൾ മുറിച്ചെടുക്കാൻ അയാൾക്ക് ഒരു കത്രിക കിട്ടി, അങ്ങനെ അയാൾക്ക് ഒരു മെഴുകുതിരിക്കു തിരി കൊളുത്താം.



12. ഇടത് പെരുവിരൽ കെട്ട് വിടുമ്പോൾ കത്രിക ഉണ്ടാകും. വലത് ചൂണ്ടുവിരലും നടുവിരലും മുകളിലേക്കും താഴേക്കും നീക്കിയാൽ കത്രിക ഉപയോഗ യുക്തമാകും!



അയാൾ മെഴുകുതിരി മുറിക്കുന്നതിനിടെ ലാത്തിയുമായി ഒരു പോലീസുകാരൻ വന്ന് മെഴുകുതിരി മോഷ്ടിച്ചതിന് അയാളെ അറസ്റ്റ് ചെയ്തു.

13. ഇടതു ചൂണ്ടുവിരൽ കെട്ട് വിട്ടിട്ട് കൈകൾ ആവുന്നത്ര അകലേക്ക് വലിക്കുക. അപ്പോൾ പോലീസിന്റെ നീളമുള്ള ലാത്തി കാണാം.



പോലീസുകാരൻ അയാളെ വിലങ്ങണിയിച്ച് ജയിലിലയച്ചു.

14. വലത് ചൂണ്ടുവിരൽ കെട്ട് വിടുക.



15. ഇടതുകൈ ഇടത് ചെറുവിരൽ കെട്ടിലൂടെയും വലതുകൈ വലത് നടുവിരൽ കെട്ടിലൂടെയും കടത്തുക.



16. പതുക്കെ കൈകൾ അകറ്റുക.



17. ഇപ്പോൾ നിങ്ങളുടെ കയ്യിൽ കള്ളന്റെ കയ്യിലെ പോലുള്ള വിലങ്ങ് വന്നു.

പൂച്ചത്തൊട്ടിൽ

വളരെ പ്രസിദ്ധമായ ഈ ചരടുകളി രണ്ട് ആളുകൾ ചേർന്ന് കളിക്കുന്നതാണ്. ഈ പൂച്ചത്തൊട്ടിൽക്കളി ചായ വ്യാപാരം വഴി ഏഷ്യയിൽനിന്ന് യൂറോപ്പിൽ എത്തിയതാവാനാണ് സാധ്യത. 1782ലൊക്കെ ഇംഗ്ലണ്ടിലെ കുട്ടികൾ ഈ കളി കളിച്ചിരുന്നു. പ്രസിദ്ധ എഴുത്തുകാരൻ ചാൾസ് ലാമ്പ് സ്കൂളിൽ സുഹൃത്തുക്കളുമൊത്ത് പൂച്ചത്തൊട്ടിൽ കളിച്ചതിനെപ്പറ്റി എഴുതിയിട്ടുണ്ട്. അങ്ങനെയാണ് നമ്മൾ ഇതേപ്പറ്റി അറിഞ്ഞത്.

ഈ കളിക്ക് രണ്ടുപേർ വേണം. മിക്കവാറും എല്ലാ പൂച്ചത്തൊട്ടിൽ രൂപങ്ങളിലും നമുക്ക് ഗുണന ചിഹ്നത്തിലുള്ളതും നേരെയുള്ളതുമായ രൂപത്തിൽ ചരടുകൾ കാണാം. ഒരാൾ രൂപം പിടിക്കുമ്പോൾ മറ്റെയാൾ ഗുണന ചിഹ്നത്തിലുള്ള ചരട് പിടിച്ച് നേരെയുള്ള ചരടിന്റെ മുകളിലോ അടിയിലോ ഇടയിലോ ആയി വയ്ക്കുന്നു. ഇത് രണ്ടു കളിക്കാരും മാറി മാറി ചെയ്യുന്നു.

ഈ കളിക്ക് അവസാനമില്ല. നിർത്തണമെന്ന് തോന്നിയാൽ നിങ്ങൾക്ക് നിരവധി അവസാനങ്ങളിലൊന്ന് തെരഞ്ഞെടുക്കാം. ഗുണന ചിഹ്നത്തിലുള്ള ചരട് എടുക്കുന്നതിന് നിരവധി മാർഗങ്ങളുണ്ട്. അതുകൊണ്ട് പരീക്ഷണങ്ങൾ തുടരൂ, ആസ്വദിക്കൂ. രൂപങ്ങൾ ഉണ്ടാക്കുന്നതിന്റെ ക്രമം താഴെ കാണുംവിധമാണ്.

തൊട്ടിൽ



ജവാന്റെ മെത്ത

മെഴുകുതിരികൾ



വഞ്ചി



പൂച്ചക്കണ്ണ്



തട്ടത്തിലെ മീൻ



കൈച്ചെണ്ട





1. പൂച്ചത്തൊട്ടിൽ കളിക്കാൻ നിങ്ങൾക്ക് ഒരു പങ്കാളി വേണം. ഓരോ സ്റ്റെപ്പും ചെയ്യുന്ന ആൾ എ. അയാളുടെ പങ്കാളി ബി. എയുടെ ഇടത് കയ്യിലെ നാലു വിരലുകളിൽ അറ്റം കെട്ടിയ ചരട് എ തന്നെ ഇടുന്നു.



2. പിന്നെ എ ചരട് എടുത്ത് ചിത്രത്തിൽ കാണുന്നപോലെ ഇടതു കൈയ്ക്ക് ചുറ്റും ഒരു കെട്ട് ഉണ്ടാക്കുന്നു. പിന്നീട് കൈകൾ അകറ്റി നടുവിരൽ അടിസ്ഥാനം ഉണ്ടാക്കുന്നു...



3. തൊട്ടിൽ വിരലുകൾക്കിടയിൽ എ പിടിക്കുന്നു. ബി രണ്ടു കൈയുടെയും പെരുവിരലും ചൂണ്ടുവിരലും കൊണ്ട് ഗുണന ചിഹ്നത്തിലുള്ള ചരടുകൾ തൊട്ടിലിന്റെ വശങ്ങളിലേക്ക് ഒരുമിച്ച് എടുക്കുന്നു.



4. ബി 'X' ചരടുകൾ പുറത്തേക്ക് വലിച്ച്, നേരെയുള്ള രണ്ട് ചരടുകൾക്ക് താഴേക്കൂടി പോയി അവയെ മുകളിലേക്ക് പൊക്കിയെടുക്കുന്നു.



5. ബി നേരെയുള്ള ചരടുകൾ എടുത്തു കഴിഞ്ഞാൽ എ എല്ലാ ചരടുകളും വിടുന്നു.



6. പിന്നെ ബി തന്റെ വിരലുകൾ അകറ്റുമ്പോൾ രണ്ടാമത്തെ പൂച്ചത്തൊട്ടിൽ രൂപമായ ജവാന്റെ മെത്ത ഉണ്ടാകുന്നു. എ തന്റെ പെരുവിരലുകളും ചൂണ്ടുവിരലുകളും കൊണ്ട് ഗുണന ചരടുകൾ ജവാന്റെ മെത്തയുടെ മുകളിൽ ഒരുമിച്ച് പിടിക്കുന്നു.



7. എ ഗുണനാകൃതിയിലുള്ള ചരട് വലിച്ച് പുറത്തെടുത്ത്, നേരെയുള്ള ചരടുകൾ മുകളിലേക്ക് എടുക്കുന്നു.



8. ബി തന്റെ കയ്യിൽനിന്ന് എല്ലാ ചരടുകളും വിടുന്നു.



9. എ തന്റെ വിരലുകൾ വിടർത്തുമ്പോൾ പൂച്ചത്തൊട്ടിലിന്റെ മൂന്നാം രൂപമായ മെഴുകുതിരി ഉണ്ടാകുന്നു. ഇനി ബി ഇടതു കയ്യിലെ ഒറ്റച്ചരട് വലത് ചെറുവിരൽകൊണ്ട് മെഴുകുതിരിയുടെ മുകളിൽനിന്നെടുത്ത് വലത്തേക്ക് വലിക്കുന്നു.



10. മെഴുകുതിരികളുടെ മുകളിൽനിന്ന് വലതു കയ്യിലെ ഒറ്റച്ചരട് ബി തന്റെ ഇടത് ചെറുവിരൽ കൊണ്ട് കൊളുത്തി ഇടത്തേക്ക് വലിക്കുന്നു.



11. ബി ചെറുവിരലിലെ ചരടുകൾ പിടിച്ചുകൊണ്ടുതന്നെ പെരുവിരലുകളും ചൂണ്ടുവിരലുകളും ഉപയോഗിച്ച് നേരെയുള്ള ഇരട്ടച്ചരടുകൾ പൊക്കുന്നു.



12. എ എല്ലാ ചരടുകളും വിടുന്നു. ബി ചെറുവിരലിൽ ചരടുകൾ പിടിച്ചുകൊണ്ടു തന്നെ മറ്റു വിരലുകൾ അകറ്റുമ്പോൾ...



13. പൂച്ചത്തൊട്ടിലിലെ നാലാം രൂപമായ വഞ്ചി ഉണ്ടാകുന്നു. എ പെരുവിരലും ചൂണ്ടുവിരലും കൊണ്ട് വഞ്ചിയുടെ വശങ്ങളിൽനിന്ന് ഗുണനാ കൃതിയിലുള്ള ചരടുകൾ കൂട്ടിപ്പിടിക്കുന്നു.



14. ഈ ഗുണനാകൃതിയിലുള്ള ചരടുകൾ നേരെ യുള്ള ചരടിനു മുകളിലൂടെ എ പുറത്തേക്ക് വലിക്കുന്നു.



15. പിന്നീട് എ വിരലുകൾ താഴേക്കൂടി വശങ്ങ ളിലേക്ക് വലിക്കുന്നു. അപ്പോൾ ബി എല്ലാ ചരടുകളും വിടുന്നു. എ വീണ്ടും ജവാന്റെ മെത്തയിൽ.



16. ബി തന്റെ പെരുവിരലുകളും ചൂണ്ടുവിരലുകളും കൊണ്ട് ഗുണനാകൃതിയിലുള്ള ചരടുക ളെല്ലാം ജവാന്റെ മെത്തയുടെ മുകളിൽ കൂട്ടിപ്പിടിക്കുന്നു.



17. ബി ഗുണനാകൃതിയിലുള്ള ചരടുകൾ നേരെയുള്ള ചരടുകൾക്ക് മുകളിലൂടെ പുറത്തേക്ക് വലിച്ചെടുക്കുന്നു.



18. ഇപ്പോൾ എ എല്ലാ ചരടുകളും വിടുന്നു. ബി വിരലുകൾ അകറ്റുമ്പോൾ അഞ്ചാം രൂപമായ പൂച്ചക്കണ്ണ് അതാ തെളിയുന്നു!



19. പൂച്ചക്കണ്ണിനു മുകളിലൂടെ എ തന്റെ പെരുവിരലും ചൂണ്ടുവിരലും ത്രികോണ ങ്ങളിൽ കടത്തി മുകളിലേക്ക് വലിക്കുന്നു.



20. ചിത്രത്തിൽ ചരടുകളുടെ പ്രവർത്തനം - നില വിലെ രൂപം - കാണിച്ചിരിക്കുന്നു.



21. ബി തന്റെ കയ്യിൽനിന്നു എല്ലാ ചരടുകളും വിടുന്നു. എ കൈകൾ വിടർത്തുമ്പോൾ ആറാം രൂപമായ തട്ടത്തിലെ മീൻ പ്രത്യക്ഷ മാകുന്നു.



22. തട്ടത്തിലെ മീനിന്റെ മുകളിൽനിന്ന് ബി പെരു വിരലുകളും ചൂണ്ടുവിരലുകളും കൊണ്ട് ഗുണനാകൃതിയിലുള്ള ചരടുകൾ ഒരുമിച്ച് പിടിക്കുന്നു. എന്നിട്ട് പെരുവിരലിന്റെയും ചൂണ്ടുവിരലിന്റെയും അറ്റം മുകളിലേക്ക് തിരിച്ച് നടുവിലുള്ള ചരടുകൾക്കിടയിലൂടെ മുകളിലേക്ക് വലിക്കുന്നു.



23. എ എല്ലാ ചരടുകളും വിടുന്നു. ബി വിരലുകൾ അകറ്റി തിരിച്ചു...



24. പൂച്ചക്കണ്ണിലേക്ക് വരുന്നു.



25. എ ചെറുവിരലുകൾ കൊണ്ട് ബിയുടെ പുറംകയ്യിലെ നേരെയിരിക്കുന്ന ചരടുകൾ കൊരുക്കുന്നു.



26. എ ചെറുവിരലിലെ ചരടുകൾ പിടിച്ചുകൊണ്ടു തന്നെ, പെരുവിരലുകളും ചൂണ്ടുവിരലുകളും ഉപയോഗിച്ച് പൂച്ചക്കണ്ണിന്റെ മുകളിലുള്ള ഗുണനാകൃതിയിലുള്ള ചരടുകൾ കൂട്ടിയെടുക്കുന്നു.



27. ബി എല്ലാ ചരടുകളും വിടുന്നു. എ ചെറുവിരലിലെ ചരടുകൾ പിടിച്ചു കൊണ്ടുതന്നെ മറ്റ് വിരലുകൾ വിടർത്തുന്നു...



28. ഇപ്പോൾ അതാ ഏഴാമത്തെ രൂപമായ കൈച്ചെണ്ട ആയി.
ബി പെരുവിരലുകളും ചൂണ്ടുവിരലുകളും കൊണ്ട് കൈച്ചെണ്ടയുടെ വശങ്ങളിലെ ഗുണനാകൃതിയിലുള്ള ചരടുകൾ കൂട്ടിയെടുക്കുന്നു.



29. ബി തന്റെ പെരുവിരലിന്റെയും ചൂണ്ടുവിരലിന്റെയും അറ്റം കൈച്ചെണ്ടയുടെ നടുവിലൂടെ മുകളിലേക്ക് തിരിക്കുന്നു.



30. എ എല്ലാ ചരടുകളും വിടുമ്പോൾ ബി വിരലുകൾ വിടർത്തുമ്പോൾ...



31. മെഴുകുതിരിയിലേക്ക് തിരിച്ചെത്തുന്നു.
എയ്ക്കും ബിയ്ക്കും പൂച്ചത്തൊട്ടിൽ കളി തുടർന്നുകൊണ്ട് പുതിയ കണ്ടെത്തലുകൾ നടത്തിക്കൊണ്ടേയിരിക്കാം. അങ്ങനെ അവർ പുതിയ, കൗതുകമുള്ളവാക്കുന്ന, രേഖപ്പെടുത്തിയിട്ടില്ലാത്ത രൂപങ്ങൾ കണ്ടെത്തുകതന്നെ ചെയ്യും.

ഗ്രന്ഥസൂചി

1. ***String Games for Beginners*** – Kathleen Haddon (Heffer, U.K., 1934)
2. ***Fun with String Figures*** – W.W. Rouse Ball (Dover Publications, New York, 1971)
3. ***Fun with String*** – Joseph Leeming (Dover Publications, New York, 1974)
4. ***Cat's Cradle String Games*** – Camilla Gryski (Beech Tree Paperback, New York, 1983)
5. **Magical String** – Steve and Megumi Biddle (Beaver Books, U.K., 1990)
6. ***The World's Best String Games*** – Joanmarie Kalter (Sterling, New York, 1989)
7. ***String Games*** – Anne Akers Johnson (Klutz, California, USA, 1995)

വൈവിധ്യമാർന്നതും രസകരവുമായ ചരടുരൂപങ്ങൾ നിർമ്മിക്കുന്നതിനുള്ള ചിത്രങ്ങളോടു കൂടിയ ഘട്ടം ഘട്ടമായുള്ള നിർദ്ദേശങ്ങൾ ചരടുകൊണ്ടുള്ള കളികൾ നൽകുന്നു. എല്ലാത്തരം ചരടുകളും ഉപയോഗിച്ച് സൃഷ്ടിച്ച രസകരമായ രൂപങ്ങൾ കുട്ടികളുടെ ഓർമ്മ ശക്തിയും ഭാവനയും വർദ്ധിപ്പിക്കുക മാത്രമല്ല, അവരുടെ കണ്ണ്-കൈ ഏകോപനത്തെ സമ്പന്നമാക്കുകയും ചെയ്യുന്നു.

1975-ൽ കാൺപൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് ബിരുദം നേടിയ അരവിന്ദ് ഗുപ്ത, ഇന്ത്യയിലെ ടോയ് മാൻ എന്ന് അറിയപ്പെടുന്നു. ഇന്ത്യയിലെമ്പാടുമുള്ള സാധാരണക്കാരായ കുട്ടികൾക്ക് പാഴ്വസ്തുക്കളിൽനിന്ന് കളിപ്പാട്ടങ്ങളുണ്ടാക്കാനുള്ള ഒരു വഴി അദ്ദേഹം കാണിച്ചുതന്നു. വലിച്ചെറിയുന്ന വസ്തുക്കളെ എങ്ങനെ പുനരുപ യോഗിക്കണമെന്നും. ശാസ്ത്രപ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം ഇരുപത്തേഴ് പുസ്തക ങ്ങൾ എഴുതിയിട്ടുണ്ട്, അവയെല്ലാം വിവിധ ഇന്ത്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുമുണ്ട്. അദ്ദേഹം ഹിന്ദിയിലേക്ക് മുന്നൂറ് പുസ്തകങ്ങൾ വിവർത്തനം ചെയ്തു. ശാസ്ത്രപ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം തയ്യാറാക്കിയ നൂറോളം ഡോക്യുമെന്ററികൾ ശ്രദ്ധേയമാണ്. ശാസ്ത്രം, വിദ്യാഭ്യാസം, സമാധാനം, ഗാന്ധിവാദം തുടങ്ങിയ വിഷയ ങ്ങളിലെ പുസ്തകങ്ങളും കളിപ്പാട്ടങ്ങളുണ്ടാക്കാനുള്ള മാർഗനിർദേശങ്ങളുമടങ്ങിയ വീഡിയോകളും ചേർന്ന https://www.arvindguptatoys.com എന്ന വെബ്സൈറ്റ് വളരെ യേറെ ശ്രദ്ധ നേടിയതാണ്.

ശാസ്ത്രവിദ്യാഭ്യാസപ്രചാരണത്തിനായി ജീവിതം ഉഴിഞ്ഞുവച്ച അദ്ദേഹത്തെ 2018-ൽ രാഷ്ട്രം പദ്മശ്രീ നല്കി ആദരിച്ചു.

നിങ്ങളുടെ സൗജന്യ ഡിജിറ്റൽ ലൈബ്രറി
രാഷ്ട്രീയ e പുസ്തകാലയ
മുൻകൈ എടുക്കുന്നത്
പൊതുവിദ്യാഭ്യാസ, സാക്ഷരതാവകുപ്പ്
വിദ്യാഭ്യാസമന്ത്രാലയം, ഭാരതസർക്കാർ
സ്കാൻ, ഡൗൺലോഡ്, എക്സ്പ്ലോർ

nbt.india
एकः सूते सकलम्
നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

₹ 160.00
ISBN 936719567-2
9789367195673
25260499
String Games
(Malayalam)